VOL NO: 09
ISSUE 27
2025 JULY 05
₹10

# നേർപഥം

വാരിക

www.nerpatham.com I mail@nerpatham.com

■ മിണ്ടരുത്; താലിബാനികളാകും!

# സൂംബ; ലക്ഷ്യം അത്ര നിഷ്കളങ്കമല്ല!



സർക്കാരിന്റെ കാർമികത്വത്തിൽ ലഹരി സുലഭമാക്കുകയും അതേ ലഹരി നിർമാർജനത്തിനായി സ്‌കൂളുകളിൽ സൂംബ ഡാൻസ് നിർബന്ധമാക്കുകയും വിയോജിക്കുന്നവർക്ക് വർഗീയ ചാപ്പ ചാർത്തുകയും ചെയ്യുന്ന കൗതുകകരവും പ്രതിലോമകരവുമായ നടപടിയാണ് കേരള ഗവണ്മെന്റ് കൈക്കൊണ്ടിരിക്കുന്നത്. പുരോഗമനത്തിന്റെ പേരു പറഞ്ഞ് നവ ലിബറൽ ആശയങ്ങൾ പുതുതലമുറയിലൂടെ സമൂഹത്തിലേക്ക് ഒളിച്ചുകടത്താൻ ശ്രമിക്കുന്നവരും മിനിമം അജണ്ടകൾക്ക് വേണ്ടി അതിനോട് സമരസപ്പെടുന്നവരും സമീപ ഭാവിയിൽ തന്നെ വിരൽ കടിക്കേണ്ടി വരും; തീർച്ച

**വിയോജിപ്പിന് ജനാധിപത്യത്തിൽ ഇടമില്ലേ?**

**ചരിത്രങ്ങളുടെ പൊൻതൂവലുകൾ മോഷ്ടിക്കുന്നവർ**

**ലിബറൽ സാംസ്‌കാരിക ഫാസിസത്തോട് ഒത്തുതീർപ്പിനില്ല**




GET IT ON Google Play

Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
**+91 9746 95 0006** (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

441

# നേർപഥം
വാരിക

2025 ജൂലൈ 05
1447 മുഹർറം 09
പുസ്തകം 09 / ലക്കം 27






Managing Editor:
**Nasir Balusseri**
Editor:
**Usman Palakkazhi**
Chief Editor:
**Anil Primrose**

Cover:
**Anil**
Design & Layout:
**Musthafa Mannarottil**
Web Editor:
**Haseeb Elayur**

Printed, published & owned by:
**K. Sajjad**
Printed at :
**Sprint Offset Printers, Kozhikode**
Published at :
**Kozhikode - 673 002**





ഡോ. അബ്ദുല്ല ബാസിൽ

സർക്കാരിന്റെ കാർമികത്വത്തിൽ ലഹരി സുലഭമാക്കുകയും അതേ ലഹരി നിർമാർജനത്തിനായി സ്കൂളുകളിൽ സൂംബ ഡാൻസ് നിർബന്ധമാക്കുകയും വിയോജിക്കുന്നവർക്ക് വർഗീയ ചാപ്പ ചാർത്തുകയും ചെയ്യുന്ന കൗതുകകരവും പ്രതിലോമകരവുമായ നടപടിയാണ് കേരള ഗവൺമെന്റ് കൈക്കൊണ്ടിരിക്കുന്നത്. പുരോഗമനത്തിന്റെ പേരു പറഞ്ഞ് നവ ലിബറൽ ആശയങ്ങൾ പുതുതലമുറയിലൂടെ സമൂഹത്തിലേക്ക് ഒളിച്ചുകടത്താൻ ശ്രമിക്കുന്നവരും മിനിമം അജണ്ടകൾക്ക് വേണ്ടി അതിനോട് സമരസപ്പെടുന്നവരും സമീപ ഭാവിയിൽ തന്നെ വിരൽ കടിക്കേണ്ടി വരും; തീർച്ച!


**05** മുഖമൊഴി
സൂംബ;
ചില സിമ്പിൾ ചോദ്യങ്ങൾ

**06** ലേഖനം
പിശാച് മനുഷ്യനെ
പിഴപ്പിക്കുന്ന മാർഗങ്ങൾ
ശമീർ മദീനി

**13** ലേഖനം
വിയോജിപ്പിന്
ജനാധിപത്യത്തിൽ ഇടമില്ലേ?
ഡോ. ആഷിക് ഷൗക്കത്ത്

**14** ലേഖനം
ചരിത്രങ്ങളുടെ പൊൻതൂവലുകൾ
മോഷ്ടിക്കുന്നവർ
കുഞ്ഞുമുഹമ്മദ് മദനി പറപ്പൂർ

**16** ലേഖനം
മിണ്ടരുത്;
താലിബാനികളാകും!
ഹാഷിം കാക്കയങ്ങാട്

**18** ലേഖനം
ശാസ്ത്രവാദികളുടെ
അശാസ്ത്രീയ പരിഷ്കാരങ്ങൾ
ശാഹുൽ പാലക്കാട്

**21** ലേഖനം
സ്കൂളിൽത്തന്നെ വേണം
സോംബി നൃത്തം!
വിൻസെന്റ് വേലൂക്കാരൻ ആന്റണി

**23** വിമർശനം
ദുർവ്യാഖ്യാനത്തിൽ
അഭയം തേടുന്നവർ
മുജീബുറഹ്മാൻ സ്വലാഹി

**26** ലേഖനം
വിജയത്തിലേക്ക്
നയിക്കുന്ന ചില ഗുണങ്ങൾ
മുനവ്വർ ഫൈറൂസ്

**30** ലേഖനം
തുള്ളൽകൊണ്ട്
ലഹരിയുടെ തള്ളൽ നിൽക്കുമോ?
അബ്ദുൽ മാലിക് സലഫി

**31** ക്വുർആൻ ദർശനം -തഫ്സീറുസ്സഅദി
സൂറതു റൂം
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

**34** കാഴ്ച
പങ്കുവയ്ക്കലിലെ ശരിതെറ്റുകൾ
ഹന്ന മുഹമ്മദ്



NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | Mob: +91 92079 65244 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly

## സാമൂഹിക നവോത്ഥാനം ലക്ഷ്യമാക്കി വിവിധ പദ്ധതികൾ:

# വിസ്ഡം ജനറൽ കൗൺസിൽ സമാപിച്ചു

തിരൂർ: സാമൂഹിക നവോത്ഥാനവും ക്ഷേമവും ലക്ഷ്യമാക്കി വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ ജനറൽ കൗൺസിൽ തിരൂരിൽ സമാപിച്ചു.

രാജ്യത്തിന്റെ ഭരണഘടന വിഭാവനം ചെയ്യുന്ന അഭിപ്രായ സ്വാതന്ത്ര്യത്തെയും ജനാധിപത്യാവകാശ ങ്ങളെയും മാനിക്കാൻ എല്ലാവരും തയ്യാറാകണമെന്ന് ജനറൽ കൗൺസിൽ അഭിപ്രായപ്പെട്ടു.

പൊതുവിഷയങ്ങളിൽ അഭിപ്രായ പ്രകടനം നടത്തുന്നവരെ തീവ്രവാദികളാക്കി ചിത്രീകരിക്കുന്ന നീക്കങ്ങൾ അപലപനീയമാണ്. സമൂഹം വലിയ പരിഗണന നൽകുന്ന വിദ്യാഭ്യാസ മേഖലയിൽ വരുന്ന പരിഷ്ക്കാരങ്ങളും നിർദേശങ്ങളും പൊതുസമൂഹത്തിന്റെ അഭിപ്രായപ്രകടനത്തിന് വിധേയമാകുന്നതിൽ ഭരണകൂടം അസ്വസ്ഥരാകേണ്ടതില്ലെന്നും ജനറൽ കൗൺസിൽ അഭിപ്രായപ്പെട്ടു.

വിദ്യാഭ്യാസം ഉൾപ്പെടെയുള്ള പൊതുമേഖലയിൽ വരുത്തുന്ന പരിഷ്ക്കാരങ്ങളും നിർദേശങ്ങളും സോഷ്യൽ ഓഡിറ്റിംഗിനും ചർച്ചക്കും വിധേയമാക്കേണ്ടതാണ്. അല്ലാത്തപക്ഷം അനാവശ്യ ചർച്ചകൾക്കും വിവാദങ്ങൾക്കും വഴിവെക്കുമെന്നും കൗൺസിൽ വിലയിരുത്തി.

വിസ്ഡം പണ്ഡിതസഭ ചെയർമാൻ കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ ഉദ്ഘാടനം ചെയ്തു. സംസ്ഥാന പ്രസിഡന്റ് പി.എൻ അബ്ദുല്ലത്വീഫ് മദനി അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി ടി.കെ അശ്റഫ്, അബൂബക്കർ സലഫി, നാസിർ ബാലുശ്ശേരി, ഫൈസൽ മൗലവി, സി.പി സലീം, ഹാരിസ്ബ്നു സലീം, ശമീർ മദീനി, അബ്ദുൽ മാലിക് സലഫി, കെ.സജാദ്, താജുദ്ദീൻ സ്വലാഹി, മുഹമ്മദ് ശമീൽ മഞ്ചേരി, ഡോ. മുഹമ്മദ് ഷഹീർ എന്നിവർ പ്രസംഗിച്ചു. നിഷാദ് സലഫി, അർഷദ് അൽഹികമി, പി.യു സുഹൈൽ, അബ്ദുല്ലാ ഫാസിൽ, അൻഫസ് മുക്രം, മുഹമ്മദ് ശബീബ് എന്നിവർ നേതൃത്വം നൽകി. ■



# സൂംബ; എന്തിനീ പിടിവാശി?

സംഗീതത്തിന്റെ അകമ്പടിയോടെ സൂംബ ഡാൻസ് കളിച്ചാൽ ലഹരിയുപയോഗം കുറയും എന്ന നിലപാടിന് എന്ത് ശാസ്ത്രീയതയാണുള്ളത്? ലോകപ്രശസ്ത ഡാൻസറും പോപ്പ് സംഗീതജ്ഞനുമായിരുന്ന മൈക്കിൾ ജാക്സൺ ലഹരിക്ക് അടിമയായിരുന്നു. ലഹരിക്ക് അടിമയായ ലോകപ്രശസ്ത ഗായകർ, ഡാൻസർമാർ എന്നത് ഗൂഗിളിലും ചാറ്റ് ജിപിടിയിലും സെർച്ച് ചെയ്തു നോക്കുക.

MDMAയെ വിശേഷിപ്പിക്കുന്നത് പോലും Party Drug എന്നാണ്. പബ്ബിലും ഡിജെ പാർട്ടിയിലും മയക്കുമരുന്ന് ഉപയോഗിച്ച് സംഗീതത്തിന് അനുസരിച്ച് ഡാൻസ് ചെയ്യുന്ന യുവതലമുറ വർധിച്ചുവരുന്ന ഒരു കാലഘട്ടമാണിത്. ഗവൺമെന്റിന്റെ അശാസ്ത്രീയമായ പരീക്ഷണങ്ങളുടെ വേദികളാണിന്ന് നമ്മുടെ വിദ്യാഭ്യാസരംഗം.

ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകാൻ സാധിക്കാതെ അനാവശ്യമായ കാട്ടിക്കൂട്ടലുകളിൽ സമൂഹത്തെ തളച്ചിടുന്നത് ഗവർമെന്റിന്റെ പല പോരായ്മകളും മറച്ചുപിടിക്കാനാണ് എന്നത് കേവലം ആരോപണമല്ലെന്ന് ഇതെല്ലാം വ്യക്തമാക്കുന്നു.

ആരോഗ്യ സംരക്ഷണത്തിന് അനുയോജ്യമായ ധാരാളം വ്യായാമങ്ങൾ ഉണ്ടായിരിക്കെ, ഫുട്ബോൾ, ക്രിക്കറ്റ് അടക്കമുള്ള പല കളികളും ഉണ്ടായിരിക്കെ പലർക്കും എതിർപ്പുള്ള സൂംബാ ഡാൻസ് എന്ന വിദേശ ഇറക്കുമതി തന്നെ വേണം എന്ന വാശി എന്തിനാണ്?

-അബൂ അമീൻ

# സൂംബ; ചില സിമ്പിൾ ചോദ്യങ്ങൾ

'എന്തിനാണ് ഈ സൂംബ ഡാൻസിനെയൊക്കെ ഇത്ര പ്രശ്നവൽകരിക്കുന്നത്; അത് ഒരു കലയല്ലേ, അതിനെ അങ്ങനെ കണ്ടാൽ പോരേ?' സൂംബയുമായി ബന്ധപ്പെട്ട ചർച്ചയിൽ പലരും ചോദിച്ച ചോദ്യമാണിത്.

1,60,000 സ്കൂൾ അധ്യാപകർക്ക് അധ്യാപക പരിശീലനത്തോടൊപ്പം സൂംബ പരിശീലനവും നൽകി, എട്ടാം ക്ലാസിലെ പാഠപുസ്തകത്തിൽ വിശദമായ പാഠ്യ വിഷയമായി ഈ വർഷം മുതൽ ഉൾപ്പെടുത്തി, എല്ലാദിവസവും രാവിലെയും ഇടവേള സമയങ്ങളിലുമൊക്കെ സ്കൂളുകളിൽ ഇത് നടപ്പിലാക്കണമെന്ന് സർക്കുലർ പുറത്തിറക്കി. ഇത് ഔദ്യോഗികമായി നമ്മുടെ 'പൊതു'വിദ്യാലയങ്ങളിലേക്കും വിദ്യാർഥികളിലേക്കും എത്തുമ്പോൾ, അതിന്റെ മറുവശങ്ങളും ചർച്ചയാവുക സ്വാഭാവികമല്ലേ? ഈ ചോദ്യങ്ങളെ അസഹിഷ്ണുതയോടെ നോക്കിക്കാണാതെ, നമ്മുടെ വിദ്യാർഥികൾക്ക് ഉപകാരപ്പെടുന്ന ഒന്നാണ് ഇത് എന്ന് വാദിക്കുന്നവർ, ദീർഘവീക്ഷണത്തോടെയുള്ള പഠനാർഹവും ഗവേഷണാത്മകവു മായ ചർച്ചകൾക്ക് മുൻകൈ എടുക്കുകയല്ലേ വേണ്ടത്?

**ചില ആശങ്കകൾ:**

1. വളരെ ആഴത്തിൽ വേരുള്ള ലഹരിപോലുള്ള പ്രശ്നങ്ങളെ പരിഹരിക്കാൻ, ഒരുതരം പ്രകടനപരത യിലൂന്നിയ (അത്യാവശ്യം മീഡിയ അറ്റൻഷൻ കിട്ടുമായിരിക്കും) ഇത്തരം ഡാൻസ് കൊണ്ടുള്ള പ്രതിരോധ പരിപാടികൾ തീർത്തും പ്രഹസനമല്ലേ?

2. ലഹരിക്കെതിരെ ഇങ്ങനെയുള്ള 'പോരാട്ട'ങ്ങൾക്ക് ശാസ്ത്രീയമായ വല്ല അടിത്തറയുമുണ്ടോ? ഏതെങ്കിലും രാജ്യങ്ങളിൽ നടന്ന ഗവേഷണങ്ങളോ പഠനങ്ങളോ കാണിക്കാമോ?

3. ഡി.ജെ പാർട്ടികളും നൈറ്റ് ലൈഫ് സംസ്കാരവും വിദ്യാർഥികളിലെ ആഘോഷ ത്വരയുമെല്ലാം ലഹരിവ്യാപനത്തിന്റെ കാരണങ്ങളാണ് എന്നിരിക്കെ, ഇത്തരം ഡാൻസ് കൾച്ചറുകൾ അവയിലേക്ക് വഴിവയ്ക്കും എന്ന പച്ചയായ വസ്തുതയെ കാണാതിരിക്കാനാവുമോ?

4. സൂംബ കൊണ്ട് ലക്ഷ്യം വയ്ക്കുന്നത് സ്ട്രസ്സ് കുറയ്ക്കലും മാനസിക-ശാരീരിക ആരോഗ്യം മെച്ചപ്പെടുത്തലുമാണെങ്കിൽ, അതിന് ഏത് എക്സർസൈസും മതിയാവില്ലേ, സൂംബ തന്നെ വേണോ? സ്കൂളുകളിൽ നിലവിലുള്ള പി.ഇ.ടിയും ഡ്രില്ലുകളുമൊക്കെ കൂടുതൽ കാര്യക്ഷമമാക്കുന്നതിനെ കുറിച്ച് എന്താണ് ആരും ചർച്ച ചെയ്യാത്തത്? കായികാധ്യാപകരുടെ നിയമനത്തിന്റെ കാര്യത്തിൽ വിദ്യാഭ്യാസ വകുപ്പ് പുലർത്തുന്ന അലംഭാവം മറ്റൊരു വിഷയമാണ്.

5. മറ്റൊന്ന് വസ്ത്രമാണ്. കുട്ടികളോട് സൂംബ ഡാൻസ് പഠിച്ചു വരാൻ വേണ്ടി അധ്യാപകർ നൽകുന്ന വീഡിയോകളിലും പാഠപുസ്തകത്തിലും അൽപ വസ്ത്രം ധരിച്ച് നഗ്നത വെളിവാകുന്ന രൂപത്തിലുള്ള ഡാൻസുകളാണ് കാണുന്നത്. അത് നൽകുന്ന സന്ദേശമെന്താണ്?

6. ഇതുകൊണ്ട് ഒരുപാട് ഗുണങ്ങളുണ്ട് എന്ന് ചിന്തിക്കുന്നവർ ഇതിനെ ന്യായീകരിക്കാൻ മുന്നിൽ നിൽക്കുന്നത് പോലെ, ദൂരവ്യാപകമായ പ്രശ്നങ്ങളുണ്ട് എന്ന് ബോധ്യമുള്ളവർക്ക് അതിൽ നിന്ന് മാറിനിൽക്കാനും ഇന്നാട്ടിൽ അവകാശമില്ലേ? അപ്പോഴേക്കും അവരെ തീവ്രചിന്താഗതിക്കാരും താലിബാനുമാക്കുന്നത് ഇരട്ടത്താപ്പല്ലേ?

വാസ്തവത്തിൽ ഈ വിഷയം ഒരു മഞ്ഞുമലയുടെ അഗ്രം മാത്രമാണ്. കേരളത്തെ യൂറോപ്യൻ സംസ്കാരത്തിലേക്ക് അതിവേഗം എത്തിക്കാനുള്ള വ്യഗ്രത, വർധിച്ച് വരുന്ന ആഘോഷത്വരയുടെയും ഡി.ജെ പാർട്ടിയുടെയും പിന്നിലുണ്ട്. കേരളത്തിൽ വർഷങ്ങളായി ചർച്ച ചെയ്യുകൊണ്ടിരിക്കുന്ന 'ജെൻഡർ സാമൂഹിക നിർമിതി'യാണെന്ന ലിബറൽ വാദത്തിന്റെ തുടർച്ചയായിട്ടാണ് ഈ വിഷയത്തെ നാം കാണുന്നത്. കൾച്ചറൽ ഫാസിസത്തെ പേടിച്ചുകൊണ്ട് എത്രകാലം കഴിയും? അത് ബ്രേക്ക് ചെയ്തേ പറ്റൂ. ഇന്നല്ലെങ്കിൽ നാളെ, നമ്മെ ആക്ഷേപിക്കുന്നവർ കാര്യം തിരിച്ചറിയുമെന്ന ഉത്തമ പ്രതീക്ഷയുണ്ട്.

വിദ്യാഭ്യാസരംഗത്ത് അടുത്ത കാലത്തായി നടന്ന ജനകീയ ചർച്ചകളും അതിന്റെ പരിണിതിയും സൂക്ഷ്മമായി നിരീക്ഷിക്കുന്ന ഏതൊരാളും ഈ മുന്നേറ്റത്തെ പിന്തുണക്കും. ഇപ്പോൾതന്നെ ജാതി-മത ഭേദമന്യെ എത്രയോ പേർ പിന്തുണച്ചുകൊണ്ട് മാധ്യമങ്ങളിലൂടെയും വ്യക്തിപരമായി വിളിച്ചും ബന്ധപ്പെടുന്നുണ്ട്. ഇത് ഗവൺമെന്റിന് എതിരല്ല; പൊതുവിദ്യാലയങ്ങളെ പൊതു ഇടമായി നിലനിർത്താനുള്ള പരിശ്രമമാണ്. മാധ്യമങ്ങൾ ഞങ്ങളെ വിചാരണ ചെയ്യുന്നുണ്ടെങ്കിലും ശത്രുവായി കാണുന്നില്ല; അവരും മുൻവിധി മാറ്റിവച്ച് നമ്മൾ ഉയർത്തുന്ന വിഷയത്തിന്റെ മെറിറ്റിലേക്ക് വരുന്ന നാളുകൾ അകലെയല്ല.

**ടി.കെ അശ്റഫ്**

*(ജനറൽ സെക്രട്ടറി, വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ)*

ശമീർ മദീനി
: 9048 221 212




# പിശാച് മനുഷ്യനെ പിഴപ്പിക്കുന്ന മാർഗങ്ങൾ

മനുഷ്യനെ പിഴവിലകപ്പെടുത്താൻ വലവിരിച്ച് കണ്ണിൽ എണ്ണയൊഴിച്ച് കാത്തിരിക്കുകയാണ് പിശാച്. അതിനായി പല വഴികളും അവൻ സ്വീകരിക്കും. അല്ലാഹു പറയുന്നു: “പിന്നീട് അവരുടെ മുന്നിലൂടെയും അവരുടെ പിന്നിലൂടെയും അവരുടെ വലതുഭാഗങ്ങളിലൂടെയും ഇടതുഭാഗങ്ങളിലൂടെയും ഞാൻ അവരുടെ അടുത്ത് ചെല്ലുകതന്നെ ചെയ്യും. അവരിൽ അധികപേരെയും നന്ദിയുള്ളവരായി നീ കണ്ടെത്തുന്നതല്ല” (7:17).

ഭൗതിക വിഭവങ്ങളുടെ ആധിക്യവും ദുൻയാവിന്റെ വിശാലതയും അധികരിക്കുന്നതിലൂടെ പിശാച് പല നന്മകളെയും മറപ്പിച്ചുകളയുകയും ഭൗതിക സുഖങ്ങൾക്ക് പിന്നാലെ പരക്കം പായുന്ന അവസ്ഥയിലേക്ക് മനുഷ്യനെ കൊണ്ടെത്തിക്കുകയും ചെയ്യും. സച്ചരിതരായ മുൻഗാമികൾ ഇക്കാര്യത്തിൽ ഏറെ ജാഗ്രത പുലർത്തിയിരുന്നവരായിരുന്നു എന്ന് അവരുടെ ചരിത്രം നമ്മെ ബോധ്യപ്പെടുത്തുന്നുണ്ട്. ഭൗതിക വിരക്തിയോടെയും ദുൻയാവിനോടുള്ള അമിത ഭ്രമം ഒഴിവാക്കിയുമായിരുന്നു അവരുടെ ജീവിതം.

**സ്ത്രീകൾ**

സ്ത്രീകളെ ഉപയോഗിച്ച് പിശാച് മനുഷ്യരെ വഴിപിഴപ്പിക്കും. അതുകൊണ്ട് ആ കെണിയിൽ പെട്ടുപോകാതിരിക്കാൻ പ്രത്യേകം ജാഗ്രത പാലിക്കേണ്ടതുണ്ട്. നബി(സ) ഉണർത്തിയത് പോലെ "നിശ്ചയം ഇഹലോകം മധുരമുള്ളതും പച്ചപിടിച്ചതുമാണ്. അല്ലാഹു നിങ്ങളെ അതിൽ പിന്തുടർച്ചക്കാരായി നിശ്ചയിച്ചിരിക്കുന്നു; നിങ്ങൾ എങ്ങനെ പ്രവർത്തിക്കുന്നു എന്ന് നോക്കാൻ വേണ്ടി. അതിനാൽ നിങ്ങൾ ദുൻയാവിനെയും സ്ത്രീകളെയും സൂക്ഷിക്കുക. നിശ്ചയം, ബനൂഇസ്റാഈല്യരിലെ ആദ്യത്തെ പരീക്ഷണം സ്ത്രീകളുടെ വിഷയത്തിലായിരുന്നു" (മുസ്‌ലിം).

അതിനാൽ സ്ത്രീകളുടെ സംസാരങ്ങളിലോ കൊഞ്ചിക്കുഴയലുകളിലോ വശംവദരായി അതിലൂടെ അതിനെക്കാൾ വലിയ അപകടങ്ങളിലേക്ക് എത്തിപ്പെടാതിരിക്കാൻ തികഞ്ഞ ശ്രദ്ധയും ജാഗ്രതയും ആവശ്യമാണ്. സഈദുബ്നുൽ മുസയ്യബ്(റഹി) പറയുന്നു: "അല്ലാഹു അയച്ച ഏതൊരു നബിയും പിശാച് സ്ത്രീകളെക്കൊണ്ട് തങ്ങളെ നശിപ്പിച്ചു കളയുന്നതിനെ സംബന്ധിച്ച് ഭീതിയിലും ജാഗ്രതയിലും ആയിരുന്നു" (തൽബീസു ഇബ്‌ലീസ്, പേജ് 44).

അതുകൊണ്ടാണ് അന്യസ്ത്രീകളുമായി തനിച്ചാകുന്നതും അവരെ കാമാസക്തിയോടെ നോക്കുന്നതും സ്പർശിക്കുന്നതും അവരുടെ നഗ്നത കാണുന്നതുമെല്ലാം മതം വിലക്കിയത്; അവയെല്ലാം തിന്മകളിലേക്കുള്ള അപകടകരമായ വഴികളാണ് എന്നതിനാൽ കൊട്ടിയടച്ചതും. സ്ത്രീകളുടെ വിഷയത്തിൽ പിശാചിന്റെ കെണികളിലകപ്പെട്ട് ജീവിതം തന്നെ ദുസ്സഹമാവുകയും അതുവരെയും നേടിയെടുത്ത അന്തസ്സും അഭിമാനവും സ്ഥാനമാനങ്ങളുമെല്ലാം നഷ്ടമായി, നന്മയുടെ വഴികളിൽനിന്ന് തന്നെ ബഹിഷ്കൃതരായ പലരും ഉണ്ട്. അതിനാൽ സൂക്ഷിക്കുകയും ജാഗ്രത പാലിക്കുകയും പടച്ച റബ്ബിനോട് നിരന്തരം കാവൽ തേടുകയും ചെയ്യുക.

**കോപം**

പിശാച് മനുഷ്യനെ പിടിക്കുന്ന മറ്റൊരു കാര്യം കോപമാണ്. കോപാന്ധതകൊണ്ട് ഓരോരുത്തരും ചെയ്തുകൂട്ടുന്ന അനർഥങ്ങൾ എത്രയാണ്! ലഹളകൾ, അടിപിടികൾ, ക്രൂരമായ കൊലപാതകങ്ങൾ വരെയും ഇതിലൂടെ സംഭവിക്കുന്നു. വഹബുബ്നു മുനബ്ബിഹ്(റഹി) എന്ന താബിഈ പണ്ഡിതൻ പറഞ്ഞതായി ഇബ്നുൽ ജൗസി(റഹി) ഉദ്ധരിക്കുന്നു: "ഒരു പണ്ഡിതൻ പിശാചിനോട് ചോദിച്ചുവത്രെ, മനുഷ്യന്മാരുടെ ഏത് സ്വഭാവമാണ് നിങ്ങൾക്ക് അവനെതിരെ ഏറ്റവും സഹായകരമായിട്ടുള്ളത് എന്ന്. അപ്പോൾ പിശാച് പറഞ്ഞത് അവന്റെ കഠിനമായ കോപം എന്ന സ്വഭാവമാണ് എന്നും ഒരാൾ കഠിന കോപിയാണെങ്കിൽ ഞങ്ങൾ അവനെ കുട്ടികൾ കളിപ്പാട്ടങ്ങൾ തട്ടുന്നതുപോലെ തട്ടിക്കളിച്ചു കൊണ്ടിരിക്കും എന്നുമാണ്" (തൽബീസു ഇബ്‌ലീസ്, പേജ് 45).

കോപം പിശാചിൽനിന്നാണെന്നും ദേഷ്യം പിടിച്ച അവസ്ഥയിൽ നിൽക്കുമ്പോൾ നിങ്ങൾ സംസാരിക്കാതെ ഇരിക്കണമെന്നും ഗോപാഗ്നി കെടുത്തിക്കളയാൻ വുദൂഅ് ചെ

യ്യണമെന്നും, നിൽക്കുകയാണെങ്കിൽ ഇരിക്കാനും ഇരിക്കുകയാണെങ്കിൽ കിടക്കാനും അഥവാ നമ്മുടെ അവസ്ഥയും സാഹചര്യവും നിയന്ത്രണവിധേയമാക്കാനുമൊക്കെയുള്ള ഫലപ്രദമായ പല നിർദേശങ്ങളും നബി (സ്വ) നൽകിയിട്ടുണ്ട്.

**ഇഹലോകത്തിന്റെ വിശാലത**

ഭൗതിക വിഭവങ്ങളുടെ ആധിക്യവും ദുൻയാവിന്റെ വിശാലതയും അധികരിക്കുന്നതിലൂടെ പിശാച് പല നന്മകളെയും മറപ്പിച്ചുകളയുകയും ഭൗതിക സുഖങ്ങൾക്ക് പിന്നാലെ പരക്കം പായുന്ന അവസ്ഥയിലേക്ക് മനുഷ്യനെ കൊണ്ടെത്തിക്കുകയും ചെയ്യും. സച്ചരിതരായ മുൻഗാമികൾ ഇക്കാര്യത്തിൽ ഏറെ ജാഗ്രത പുലർത്തിയിരുന്നവരായിരുന്നു എന്ന് അവരുടെ ചരിത്രം നമ്മെ ബോധ്യപ്പെടുത്തുന്നുണ്ട്. ഭൗതിക വിരക്തിയോടെയും ദുൻയാവിനോടുള്ള അമിത ഭ്രമം ഒഴിവാക്കിയുമായിരുന്നു അവരുടെ ജീവിതം. ഭൗതിക സുഖങ്ങളുടെ പിന്നാലെ പരക്കം പായുമ്പോൾ നിർബന്ധമായ ആരാധനാകർമങ്ങൾ പോലും നിർവഹിക്കാൻ സാധിക്കാത്ത അവസ്ഥയായിരിക്കും ഉണ്ടാവുക. അതിലൂടെ ഒട്ടനവധി നഷ്ടങ്ങളും സംഭവിക്കാൻ ഇടയുണ്ട്. അല്ലാഹു പറയുന്നു: "സത്യവിശ്വാസികളേ, നിങ്ങളുടെ സ്വത്തുക്കളും സന്താനങ്ങളും അല്ലാഹുവെപ്പറ്റിയുള്ള സ്മരണയിൽനിന്ന് നിങ്ങളുടെ ശ്രദ്ധതിരിച്ചുവിടാതിരിക്കട്ടെ. ആർ അങ്ങനെ ചെയ്യുന്നുവോ അവർ തന്നെയാണ് നഷ്ടക്കാർ" (63:9).

**ബന്ധങ്ങൾ ശിഥിലമാക്കൽ**

ബന്ധങ്ങൾ തകർക്കാൻ പിശാച് വല്ലാതെ താൽപര്യം കാണിക്കും. വിശിഷ്യാ ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള ബന്ധത്തെ. അതുവഴി കുടുംബം തകർക്കുവാനും പരസ്പര ശത്രുതയിലേക്ക് എത്തിക്കുവാനും സാധിക്കുമെന്നുള്ളതുകൊണ്ട് അതിന്റെ പിന്നിലൂടെ പിശാചിന്റെ ഒട്ടനവധി പദ്ധതികൾ നടപ്പിലാക്കുവാൻ അവന് എളുപ്പത്തിൽ കഴിയും.

നബി(സ്വ) പറഞ്ഞതായും മുൻഗാമികളായ പല പണ്ഡിതന്മാരുടെ വാക്കുകളായും വന്ന ഒരു കാര്യം ഇങ്ങനെയാണ്: 'ഓരോ ദിവസവും പ്രഭാതത്തിൽ ഇബ്‌ലീസ് തന്റെ സൈന്യത്തെ ഭൂമിയിലെ വിവിധ ഭാഗങ്ങളിലേക്ക്

> നമ്മുടെ ചെറുതും വലുതുമായ ഏതൊരു കർമവും അല്ലാഹുവിങ്കൽ സ്വീകരിക്കപ്പെടുവാനും ഫലപ്രദമാകുവാനും ഇഖ്‌ലാസ് എന്ന മഹത്തായ ഗുണം നാം ആർജിച്ചെടുക്കുക. ഓരോ കർമത്തിന്റെയും പിന്നിലുള്ള ചേതോവികാരം അത് മാത്രമാകണം. അങ്ങനെ നിയ്യത്ത് നന്നാക്കാൻ സാധിക്കണം.

പറഞ്ഞയക്കും. എന്നിട്ട് ഓരോരുത്തരും ചെയ്ത കർമങ്ങൾ വിലയിരുത്തി അവരെ ആദരിക്കുകയും പ്രശംസിക്കുകയുമൊക്കെ ചെയ്യും. അങ്ങനെ പലരും തങ്ങൾ മറ്റുള്ളവരെക്കൊണ്ട് ചെയ്യിപ്പിച്ച പല പല തെറ്റുകളെ കുറിച്ചും പറയുമ്പോൾ ഇബ്‌ലീസ് 'നിങ്ങൾ ഒന്നും ചെയ്തിട്ടില്ല' എന്ന് പറയുമത്രെ. എന്നാൽ ഭാര്യാഭർത്താക്കന്മാരെ തമ്മിൽ തെറ്റിച്ചുകൊണ്ട് ബന്ധങ്ങൾ ശിഥിലമാക്കിയ കാര്യം പറഞ്ഞവനെ നോക്കി ഇബ്‌ലീസ് പറയും: 'നീയാണ് മിടുക്കൻ.' അങ്ങനെ ആ പിശാചിനെ ഇബ്‌ലീസ് കിരീടം ധരിപ്പിക്കുമത്രെ!

ഇവിടെ നബി(സ്വ) നൽകുന്ന ഉപദേശം നിങ്ങൾ ഏതെങ്കിലും തെറ്റുകളുടെ പേരിൽ പരസ്പരം വെറുക്കുകയോ ബന്ധങ്ങൾ ശിഥിലമാക്കുകയോ ചെയ്യുന്നതിന് പകരം അവരിലെ നന്മകൾ കാണുവാനും വീഴ്ചകൾ മാപ്പാക്കുവാനും ശ്രമിക്കണം എന്നാണ്. ഏതൊരു നല്ല ബന്ധവും തുടർന്നു കൊണ്ടു പോകുവാൻ വേണ്ട അടിസ്ഥാനപരമായ ഒരു ഗുണമാണ് പ്രവാചകൻ(സ്വ) ഇതിലൂടെ നമുക്ക് പറഞ്ഞു തരുന്നത്.

**ഇഖ്‌ലാസ് ചോർത്തിക്കളയൽ**

നാം ചെയ്യുന്ന കർമങ്ങൾ അല്ലാഹുവിന്റെ പ്രീതിയും പ്രതിഫലവും ആഗ്രഹിച്ചുകൊണ്ട് മാത്രവും നിഷ്‌കളങ്കവും ആത്മാർഥവും ആയിരിക്കണം. എങ്കിൽ മാത്രമെ അത് അല്ലാഹു സ്വീകരിക്കുകയുള്ളൂ. എന്നാൽ പിശാച് കർമങ്ങളിലെ ഈ ആത്മാർഥതയെ അഥവാ നിഷ്‌കളങ്കതയെ ചോർത്തിക്കളയാൻ ആവത്

പരിശ്രമിക്കും. നമ്മുടെ ദേഹേച്ഛകൾ ആവശ്യപ്പെടുന്ന നിസ്സാരമായ നേട്ടങ്ങൾക്കും പ്രശംസകൾക്കും വേണ്ടി ഉന്നതമായ സ്വർഗവും പ്രതിഫലവും അല്ലാഹുവിന്റെ തൃപ്തിയുമൊക്കെ നഷ്ടപ്പെടുത്തുന്ന അവസ്ഥയിലേക്ക് കൊണ്ടെത്തിക്കും. ഇബ്നുൽ ജൗസി(റഹി) തന്റെ ഗ്രന്ഥത്തിൽ ഉദ്ധരിക്കുന്ന ഒരു സംഭവം ഇപ്രകാരം വായിക്കാം:

"അല്ലാഹുവിനു പുറമെ ആളുകൾ ആരാധിച്ചിരുന്ന ഒരു മരം ഉണ്ടായിരുന്നു. ബഹുദൈവത്വത്തിന്റെ അടിവേരറുക്കാൻ ഉദ്ദേശിച്ചുകൊണ്ട് ആ മരം മുറിച്ചു കളയുവാനായി ഒരാൾ ഒരുങ്ങി പുറപ്പെട്ടു. പോകുന്ന വഴിക്ക് ഇബ്‌ലീസ് മനുഷ്യരൂപത്തിൽ അയാളുടെ മുന്നിൽ പ്രത്യക്ഷപ്പെട്ടു. എന്നിട്ട് ചോദിച്ചു: 'എന്താണ് താങ്കൾ ഉദ്ദേശിക്കുന്നത്?' അയാൾ പറഞ്ഞു: 'അല്ലാഹുവിനു പുറമെ ആരാധിക്കപ്പെടുന്ന ഈ മരം മുറിച്ചു കളയുവാൻ ഞാൻ ഉദ്ദേശിക്കുന്നു.' അപ്പോൾ പിശാച് പറഞ്ഞുവത്രെ: 'നീ അതിനെ ആരാധിക്കുന്നില്ലെങ്കിൽ മറ്റുള്ളവർ ആരാധിക്കുന്നതുകൊണ്ട് നിനക്കെന്താണ് ബുദ്ധിമുട്ട്?' അയാൾ പറഞ്ഞു: 'ഇല്ല, ഞാനത് മുറിച്ചു കളയും.' വീണ്ടും പിശാച് അയാളോട് പറഞ്ഞു: 'അതിനെക്കാൾ ഉത്തമമായത് ഞാൻ നിനക്ക് പറഞ്ഞുതരട്ടെ? ഓരോ ദിവസവും രണ്ട് സ്വർണനാണയങ്ങൾ വീതം നിനക്ക് ഞാൻ നൽകാം. നീ പ്രഭാതത്തിൽ ഉണർന്നെഴുന്നേൽക്കുമ്പോൾ നിന്റെ തലയിണയുടെ അടുക്കൽ ആ സ്വർണനാണയങ്ങൾ ഉണ്ടായിരിക്കും. അതു കേട്ട് അയാൾ മടങ്ങിപ്പോയി. പറഞ്ഞതുപോലെ അയാളുടെ തലയിണയുടെ അടുക്കൽ രണ്ട് ദിനാർ കാണുകയും അയാൾ എടുക്കുകയും ചെയ്തു. അങ്ങനെ ഒന്നുരണ്ട് ദിവസങ്ങൾ കഴിഞ്ഞതിനുശേഷം അയാൾ എഴുന്നേറ്റു നോക്കുമ്പോൾ സ്വർണനാണയം കണ്ടെത്താൻ അയാൾക്ക് സാധിച്ചില്ല. അപ്പോൾ കോപാകുലനായി വീണ്ടും ആ മരം മുറിക്കാൻ അയാൾ പുറപ്പെട്ടു. അപ്പോൾ പിശാച് അയാളുടെ മുന്നിൽ പ്രത്യക്ഷപ്പെട്ടുകൊണ്ട് ചോദിച്ചു: 'എന്താണ് താങ്കൾ ഉദ്ദേശിക്കുന്നത്?' മുമ്പ് പറഞ്ഞതുപോലെ തന്നെ അയാൾ ആവർത്തിച്ചു: 'അല്ലാഹുവിന് പുറമെ ആരാധിക്കപ്പെടുന്ന ഈ മരം മുറിച്ചു കളയുവാൻ ഞാൻ ഉദ്ദേശിക്കുന്നു.' 'ഇല്ല, നിനക്കതിന് സാധിക്കുകയില്ല' എന്ന് പിശാച് പറഞ്ഞു. എന്നാലും അയാൾ പുറപ്പെട്ടു. ആ മരം മുറിക്കുവാൻ വേണ്ടി ആഞ്ഞുവെട്ടി. പക്ഷേ അയാൾക്ക് അതിന് സാധിച്ചില്ല. അയാൾ വല്ലാതെ പ്രയാസപ്പെടുകയും ക്ഷീണിച്ച് തളർന്നുപോവുകയും ചെയ്തു. അപ്പോൾ പിശാച് പറഞ്ഞു: 'ഞാൻ ആരാണെന്ന് നിനക്കറിയുമോ? ഞാനാണ് ശൈത്വാൻ. നീ ആദ്യ തവണ വന്നത് അല്ലാഹുവിന്റെ പേരിൽ ദേഷ്യം പ്രകടിപ്പിച്ചുകൊണ്ടാണ്. അപ്പോൾ എനിക്ക് നിന്നെ പരാജയപ്പെടുത്താൻ സാധിക്കുമായിരുന്നില്ല. എന്നാൽ രണ്ട് സ്വർണനാണയം കൊണ്ട് നിന്നെ ചതിയിൽപ്പെടുത്താൻ എനിക്ക് കഴിഞ്ഞു. അപ്പോൾ നീയത് ഉപേക്ഷിച്ചു. പിന്നീട് സ്വർണനാണയത്തിന്റെ പേരിൽ കോപാകുലനായി നീ വന്നപ്പോൾ വളരെ വേഗം നിന്നെ കീഴ്പെടുത്തുവാൻ എനിക്ക് സാധിക്കുകയും ചെയ്തു" (തൽബീസു ഇബ്‌ലീസ്, പേജ് 45, 46).

നമ്മുടെ ചെറുതും വലുതുമായ ഏതൊരു കർമവും അല്ലാഹുവിങ്കൽ സ്വീകരിക്കപ്പെടുവാനും ഫലപ്രദമാകുവാനും ഇഖ്‌ലാസ് എന്ന മഹത്തായ ഗുണം നാം ആർജിച്ചെടുക്കുക. ഓരോ കർമത്തിന്റെയും പിന്നിലുള്ള ചേതോവികാരം അത് മാത്രമാകണം. അങ്ങനെ നിയ്യത്ത് നന്നാക്കാൻ സാധിക്കണം. സ്വർഗാവകാശികളായ സത്യവിശ്വാസികളെ സംബന്ധിച്ച് അല്ലാഹു പറയുന്നത് കാണുക:

"ആഹാരത്തോട് പ്രിയമുള്ളതോടൊപ്പം തന്നെ അഗതിക്കും അനാഥയ്ക്കും തടവുകാരന്നും അവരത് നൽകുകയും ചെയ്യും. (അവർ പറയും:) അല്ലാഹുവിന്റെ പ്രീതിക്കുവേണ്ടി മാത്രമാണ് ഞങ്ങൾ നിങ്ങൾക്ക് ആഹാരം നൽകുന്നത്. നിങ്ങളുടെ പക്കൽനിന്നു യാതൊരു പ്രതിഫലവും നന്ദിയും ഞങ്ങൾ ആഗ്രഹിക്കുന്നില്ല. മുഖം ചുളിച്ചുപോകുന്നതും ദുസ്സഹവുമായ ഒരു ദിവസത്തെ ഞങ്ങളുടെ രക്ഷിതാവിങ്കൽനിന്ന് തീർച്ചയായും ഞങ്ങൾ ഭയപ്പെടുന്നു. അതിനാൽ ആ ദിവസത്തിന്റെ തിന്മയിൽ നിന്ന് അല്ലാഹു അവരെ കാത്തുരക്ഷിക്കുകയും പ്രസന്നതയും സന്തോഷവും അവർക്ക് അവൻ നൽകുകയും ചെയ്യുന്നതാണ്. അവർ ക്ഷമിച്ചതിനാൽ സ്വർഗത്തോപ്പും പട്ടു വസ്ത്രങ്ങളും അവർക്കവൻ പ്രതിഫലമായി നൽകുന്നതാണ്" (76:8-12). ■

ZUMBA
ലക്ഷ്യം അത്ര നിഷ്കളങ്കമല്ല!

ഡോ. അബ്ദുല്ല ബാസിൽ
: 87141 74330



# ലിബറൽ സാംസ്കാരിക ഫാസിസത്തോട് ഒത്തുതീർപ്പിനില്ല

കൊറോണ വൈറസിനെ തുരത്താൻ പാത്രം കൊട്ടൽ, സ്കൂൾ ടൂർ ആക്സിഡന്റുകൾ സംഭവിക്കാതിരിക്കാൻ ബസ്സിന്റെ പെയിന്റ് മാറ്റൽ തുടങ്ങിയ പ്രശ്നപരിഹാരമാർഗങ്ങൾക്കു ശേഷം അവതരിപ്പിക്കപ്പെട്ട ഒന്നാണ് 'ലഹരി ഇല്ലാതാക്കാൻ സൂംബാ ഡാൻസ്!' എന്നത്.

വളരെ വിശാലമായ കാര്യകാരണങ്ങളുള്ള, പല തലങ്ങളിൽ പരിഹാരങ്ങൾ ആവശ്യമുള്ള ഒരു വിഷയത്തെ എത്ര നിസ്സാരമായാണ് നമ്മുടെ സംവിധാനങ്ങൾ കണ്ടതും പരിഹാരം അടിച്ചേൽപിക്കുന്നതും! വേറെ ഒരു പരിഹാരമാർഗവുമില്ലേ?

1. 'സ്ട്രസ് റിലീഫ്' ആണ് ഉദ്ദേശ്യമെങ്കിൽ നിലവിലുള്ള കായിക പരിശീലനങ്ങൾ കാര്യക്ഷമമാക്കാനുള്ള നടപടികളായിരുന്നു എടുക്കേണ്ടിയിരുന്നത്. ആ വഴിക്കു ചിന്തിക്കാതെ ഡാൻസ് കളിപ്പിക്കാനിറങ്ങുന്നത് ഒരുതരം പ്രഹസനമാണ്.

**സർക്കാരിന്റെ കാർമികത്വത്തിൽ ലഹരി സുലഭമാക്കുകയും അതേ ലഹരി നിർമാർജനത്തിനായി സ്കൂളുകളിൽ സൂംബ ഡാൻസ് നിർബന്ധമാക്കുകയും വിയോജിക്കുന്നവർക്ക് വർഗീയ ചാപ്പ ചാർത്തുകയും ചെയ്യുന്ന കൗതുകകരവും പ്രതിലോമകരവുമായ നടപടിയാണ് കേരള ഗവണ്മെന്റ് കൈക്കൊണ്ടിരിക്കുന്നത്. പുരോഗമനത്തിന്റെ പേരു പറഞ്ഞ് നവ ലിബറൽ ആശയങ്ങൾ പുതുതലമുറയിലൂടെ സമൂഹത്തിലേക്ക് ഒളിച്ചുകടത്താൻ ശ്രമിക്കുന്നവരും മിനിമം അജണ്ടകൾക്ക് വേണ്ടി അതിനോട് സമരസപ്പെടുന്നവരും സമീപ ഭാവിയിൽ തന്നെ വിരൽ കടിക്കേണ്ടി വരും; തീർച്ച!**

2. ഒരു പഠനവും അന്വേഷണവുമില്ലാതെ ഏതെങ്കിലുമൊരിനം എല്ലാവരിലും അടിച്ചേൽപിക്കുന്നതിന് പകരം ചോയ്സ് നൽകുകയായിരുന്നു ചെയ്യേണ്ടിയിരുന്നത്. പങ്കെടുക്കാൻ താൽപര്യമില്ലാത്തവർക്ക് മറ്റു തീരുമാനങ്ങളെടുക്കാൻ സ്വാതന്ത്ര്യം നൽകാതിരിക്കൽ ശരിയായ നിലപാടല്ല.

3. വാസ്തവത്തിൽ ഇന്നത്തെ തലമുറയെ ഗ്രസിച്ചിരിക്കുന്ന വലിയ ലഹരി 'പ്ലഷർ സീക്കിങ്' ആണ്. അതിന് ജീവിതത്തെ കുറിച്ചുള്ള സമൂലമായ കാഴ്ചപ്പാടുകൾ നൽകുകയും ഇൻസ്റ്റന്റ് ഗ്രാറ്റിഫിക്കേഷന്റെ പ്രശ്നങ്ങൾ ബോധ്യപ്പെടുത്തൽ പോലുള്ള ആഴത്തിലുള്ള പരിഹാരങ്ങളുമാണാവശ്യം. അതിനുപകരം മറ്റൊരു ഇൻസ്റ്റന്റ് ഗ്രാറ്റിഫിക്കേഷനുള്ള അവസരമുണ്ടാക്കിക്കൊടുത്താൽ എന്ത് സംഭവിക്കും എന്നതിനെക്കുറിച്ച് ആലോചിക്കുക; കുട്ടികൾ നന്നായി ഡാൻസ് കളിക്കും, അത് കഴിഞ്ഞാൽ അടുത്ത പ്ലഷർ തേടിപ്പോകും!

പൊതുവിൽ ഇത്തരം കൺസേർണുകൾ മുസ്‌ലിംകളുടെ ഭാഗത്തുനിന്നുണ്ടാകുമ്പോൾ മാധ്യമപ്രവർത്തകർക്കുണ്ടാകുന്ന ഒരുതരം അസ്കൃതയാണ് പല ചാനൽ ചർച്ചകളിലും കണ്ടത്. 'ഗവണ്മെന്റ് ഒരു തീരുമാനമെടുത്താൽ മതപരമായ കാരണങ്ങൾ കൊണ്ട് എതിർക്കുകയോ, നിങ്ങൾക്ക് മാത്രമെന്താ ഇങ്ങനെ' എന്നൊക്കെ എന്ന് അവർ വിസ്മയം കൊള്ളുന്നത് കാണുമ്പോൾ നമുക്ക് വിസ്മയം തോന്നുന്നു!

24 ചാനലിലെ ചർച്ചയിൽ ആങ്കറുടെ 'വിചാരണ' കഴിഞ്ഞപ്പോൾ ഞാൻ ആലോചിച്ച ഒരു കാര്യമുണ്ട്; ഞാനാണോ ഈ സൂംബാ ഭൂതത്തെ ഇവിടേക്ക് കൊണ്ടുവന്നത്? സർക്കാർ ഒരു പരിഷ്കാരം കൊണ്ടുവരുന്നു, അതിനെതിരെ വിമർശനമുയരുന്നു. ഇത്തരം ഘട്ടത്തിൽ പരിഷ്കാരം കൊണ്ടുവന്നവരെ വിളിച്ചല്ലേ അതിന്റെ ഗുണദോഷങ്ങൾ ചോദിച്ചറിയേണ്ടത്? ശാസ്ത്രീയ പഠനങ്ങൾ ചോദിക്കേണ്ടത്? ജനകീയ ചർച്ചകൾ നടന്നോ എന്നന്വേഷിക്കേണ്ടത്? വിമർശിക്കുന്നവരെ മാത്രം വിളിച്ചുവരുത്തി വിചാരണ ചെയ്യുന്നതാണോ മാധ്യമങ്ങളുടെ ഉത്തരവാദിത്തം? ചിലർക്ക് താൽപര്യമില്ലാത്തത്, ഒട്ടും അനിവാര്യമല്ലാത്തത് എന്തിന് അടിച്ചേൽപിക്കുന്നു എന്നൊക്കെ വിചാരണ ചെയ്യേണ്ടത് ജനാധിപത്യ മര്യാദകളെ കാറ്റിൽ പറത്തിയ അധികാരികളെ വിളിച്ചിരുത്തിയല്ലേ?

പുരോഗമനം എന്ന പേരിൽ എന്തു കൊണ്ടുവന്നാലും കണ്ണും പൂട്ടി സ്വീകരിക്കുന്നവർ ഉണ്ടായേക്കാം. പക്ഷേ, എല്ലാവരും അങ്ങനെയല്ല. കൃത്യമായ കൾച്ചറൽ എലമന്റുകളുള്ള ഒന്ന് അടിച്ചേൽപിക്കാൻ ശ്രമിച്ചാൽ ആ കൾച്ചറിനോട് വിയോജിപ്പുള്ളവർ പ്രതികരിക്കുകതന്നെ ചെയ്യും.

'ഏത് ലോകത്താണ് ഇവരൊക്കെ ജീവിക്കുന്നത്' എന്ന് ആശ്ചര്യപ്പെട്ട മാധ്യമ പ്രവർത്തകൻ അരുൺകുമാർ എന്തിനാണ് യുക്തിവാദി നേതാക്കളുടെ കൂടെ യോഗയെ എതിർത്ത് യുദ്ധം നയിച്ചത്? യോഗയുടെ രീതികളോടും അതിൽ അന്തർലീനമായിട്ടുള്ള കൾച്ചറൽ എലമെന്റുകളോടും വിയോജിപ്പാവാമെങ്കിൽ സൂംബയോടുമാവാം.

ആ കൾച്ചറൽ എലമെന്റുകളിൽ വസ്ത്രവും സംഗീതവും ആൺ-പെൺ ഇടകലരലുമെല്ലാം വരും. സൂംബ പഠിപ്പിക്കാൻ അധ്യാപകർ വഴി കുട്ടികൾക്ക് അയച്ച വീഡിയോകളിലെ വസ്ത്രധാരണത്തെ പറ്റി ആശങ്ക തോന്നുന്നവർ അതും പറയുക തന്നെ ചെയ്യും. പുരോഗമന കൊട്ടാരങ്ങൾക്ക് ഇളക്കം തട്ടുമോ എന്നു ഭയന്ന് അത് മൂടിവെക്കണം എന്ന തിട്ടൂരമൊന്നും ഇനിയങ്ങോട്ട് ചെലവാകില്ല.

കൊറോണക്ക് പാത്രം മുട്ടിനെ എതിർത്തവർ രാജ്യദ്രോഹി! ലഹരിക്ക് സൂംബാ ഡാൻസിനെ എതിർക്കുന്നവർ തീവ്രവാദി! ജനങ്ങൾ ഇതെല്ലാം നിരീക്ഷിക്കുന്നുണ്ട്. കേരളത്തിലെ പൊതുസമൂഹത്തെ നിരീക്ഷിക്കുന്ന

ലിബറൽ സാംസ്കാരിക ഫാസിസം അടിച്ചേൽപ്പിക്കുന്ന എന്തിനോടും അഡ്ജസ്റ്റ് ചെയ്യാനും കോമ്പ്രമൈസ് ചെയ്യാനും ഉപദേശിക്കുന്നവർ ഈ വിഷയത്തിൽ നടന്ന ചർച്ചകളിൽ ഇടത് പ്രതിനിധികളുടെയും ചാനൽ അവതാരകരുടെയും മനോനിലയും കാഴ്ചപ്പാടും പരിശോധിച്ച് എത്രകാലം, എത്രത്തോളം അഡ്ജസ്റ്റ് ചെയ്യാനാണ് തീരുമാനം എന്നാലോചിക്കുന്നത് നല്ലതാണ്.

വരോടും സാധാരണക്കാരോടും ഒരപേക്ഷയുണ്ട്; വിവിധ ചാനലുകളിൽ ഈ വിഷയത്തിൽ നടന്ന ചാനൽ ചർച്ചകൾ നിങ്ങൾ ഒരു പഠനത്തിന്റെ ഭാഗമായി ഇരുന്ന് കാണണം.

സമൂഹത്തിലെ ഒരു വിഭാഗത്തിൽനിന്ന് സർക്കാർ പൊതുവിദ്യാലയങ്ങളിൽ നടപ്പിലാക്കുന്ന പരിഷ്കരണവുമായി ബന്ധപ്പെട്ട് ഒരു വിയോജിപ്പ് വരുന്നു. അതിനോട് യോജിക്കാം, വിയോജിക്കാം. പ്രസ്തുത വിഷയത്തെ അതിന്റെ മെറിറ്റിൽ ചർച്ചയുമാവാം. അതിശക്തമായി സൂംബയെ എതിർക്കുന്നവരുടെ വാദങ്ങളെ ‘പൊളിച്ചടുക്കി’ വിജയഭേരി മുഴക്കുകയുമാവാം.

ഏഷ്യാനെറ്റിലും റിപ്പോർട്ടറിലും നടന്ന ചർച്ചകൾ ശ്രദ്ധിക്കുക. വിശ്വാസത്തിന്റെ ഭാഗമായി എന്തിനോടെങ്കിലും എതിർപ്പ് പ്രകടിപ്പിക്കുന്നതിനോടുള്ള പുച്ഛവും പരിഹാസവും നിറഞ്ഞതായിരുന്നു അവതാരകരുടെ സംസാരങ്ങൾ. ലഹരിക്കെതിരെ സൂംബ പരിഹാരമാണോ എന്ന വിഷയത്തെ കുറിച്ച് ചർച്ച വെക്കുകയും പ്രസ്തുത പരിഷ്കാരം നടപ്പിലാക്കിയതിന്റെ രീതിയെ പറ്റിയും അതിനോടുള്ള സാംസ്കാരികമായ വിയോജിപ്പിനെ പറ്റിയുമെല്ലാം പറയുമ്പോൾ ഒരു മിനുട്ട് പോലും സംസാരിച്ച് പൂർത്തിയാക്കാൻ സമ്മതിക്കാതെ ഇടപെടുകയായിരുന്നു അവതാരകർ. അതേസമയം; സൂംബയെ അനുകൂലിക്കുന്ന ഒരാൾക്ക് വിഷയവുമായി യാതൊരു ബന്ധവുമില്ലാത്ത, പണ്ടത്തെ കളർ ടിവി വാങ്ങിയ കഥയും ഹജ്ജിന് പോയ ‘പുരാണവും’ രണ്ടാം നിക്കാഹ് ചെയ്ത അനുഭവവുമടക്കം പറയാൻ അഞ്ചും പത്തും മിനുട്ട് സമയം നൽകുന്നു. അത് ആസ്വദിച്ച് കേൾക്കുന്ന അവതാരകർ വിഷയവുമായി ബന്ധപ്പെട്ട ഏറ്റവും പ്രധാനപ്പെട്ട കാര്യങ്ങൾ നാം പറയുമ്പോൾ ചാടിക്കേറി ഇടപെടുന്നു!

മതരഹിതരും മതസമൂഹത്തെ പരിഹാസത്തോടെ കാണുന്നവരുമായ ഇത്തരക്കാരുടെ മുന്നിൽ മുസ്‌ലിം വിശ്വാസങ്ങളും കർമശാസ്ത്രവുമടക്കം സമർപ്പിച്ച് ‘അപ്രൂവൽ’ വാങ്ങണമത്രെ! സ്മൃതിക്കും സിപിഎം നേതാവിനും എന്താണ് തസ്‌വീർ എന്നും അതിൽ ഫോട്ടോ എടുക്കൽ പെടുമോ ഇല്ലേ എന്നുമൊക്കയുള്ള കർമശാസ്ത്ര മസ്അല ടിവി ചർച്ചയിൽ ബോധ്യപ്പെടുത്തിക്കൊടുക്കണമത്രെ!

ഇടയ്ക്ക് സിപിഎം നേതാവ് അരുൺകുമാർ പരിഹാസത്തോടെ ചോദിച്ചത് ‘മുസ്‌ലിം വിശ്വാസത്തിൽ ഭൂമി ഉരുണ്ടതാണോ പരന്നതാണോ’ എന്നാണ്! സൂംബ ഡാൻസ് ലഹരിക്ക് പരിഹാരമായി കൊണ്ടുവന്നതിനെ എതിർത്തതിനാണ് ഞാൻ അരുൺകുമാറിന് ഖുർആനിലെ ഭൂമിയുടെ ആകൃതി ബോധ്യപ്പെടുത്തിക്കൊടുക്കേണ്ടത്!

ഒരു സമുദായത്തോടും അവരുടെ വിശ്വാസ, ആചാര, അനുഷ്ഠാനങ്ങളോടും ഇത്രമാത്രം പുച്ഛവും പരിഹാസവും പേറി നടക്കുന്നവർ മുസ്‌ലിംകൾ അടക്കമുള്ള പൊതു ഇടങ്ങളിൽ തന്നെയല്ലേ ജീവിക്കുന്നതും പ്രവർത്തിക്കുന്നതും എന്നോർത്ത് അത്ഭുതം തോന്നി. അത്തരം മുഖംമൂടികൾ അഴിഞ്ഞുവീഴുന്നത് നല്ലതാണ്.

സാംബയും സൂംബയും മാറിപ്പോയതാവാം എന്ന പരിഹാസത്തിന് ‘നിങ്ങളുടെ ആദർശപ്രകാരം സാംബ തന്നെയാണെങ്കിൽ എന്താ പ്രശ്നം’ എന്ന് ചോദിച്ചപ്പോൾ സിപിഎം പ്രതിനിധിക്കും ആങ്കറിനും അതും ഒരു പ്രശ്നമായിരുന്നില്ല. സൂംബ ഒരു മഞ്ഞുമലയുടെ അറ്റം മാത്രമാണെന്നും ഇവരുടെ ഇത്തരം തോന്ന്യാസങ്ങൾ മുഴുവൻ പാവപ്പെട്ട പൊതുവിദ്യാലയങ്ങളിലെ കുട്ടികളിൽ അടിച്ചേൽപിക്കാനുള്ള ശ്രമമാണ് നടക്കുന്നത് എന്നും തിരിച്ചറിയുന്നത് നല്ലതാണ് .

ലിബറൽ സാംസ്കാരിക ഫാസിസം അടിച്ചേൽപ്പിക്കുന്ന എന്തിനോടും അഡ്ജസ്റ്റ് ചെയ്യാനും കോമ്പ്രമൈസ് ചെയ്യാനും ഉപദേശിക്കുന്നവർ ഈ വിഷയത്തിൽ നടന്ന ചർച്ചകളിൽ ഇടത് പ്രതിനിധികളുടെയും ചാനൽ അവതാരകരുടെയും മനോനിലയും കാഴ്ചപ്പാടും പരിശോധിച്ച് എത്രകാലം, എത്രത്തോളം അഡ്ജസ്റ്റ് ചെയ്യാനാണ് തീരുമാനം എന്നാലോചിക്കുന്നത് നല്ലതാണ്. ■

# ZUMBA
## ലക്ഷ്യം അത്ര നിഷ്കളങ്കമല്ല!

ഡോ. ആഷിക് ഷൗക്കത്ത്



# വിയോജിപ്പിന് ജനാധിപത്യത്തിൽ ഇടമില്ലേ?

> If Muslim morality feels ‘extreme’ to your liberal secularism, perhaps the deficiency lies not in the morality but in the superficiality of your secularism..

സുംബ നൃത്തത്തോടുള്ള മുസ്‌ലിം വിമർശനം ആൺ- പെൺ ഇടകലരൽ, ഹിജാബ് വിരുദ്ധ വസ്ത്രം, ദൃശ്യത, തൽക്ഷണ തൃപ്തി/അമിതാഘോഷ സംസ്കാരത്തോടുള്ള വിയോജിപ്പ് തുടങ്ങി പല മതപരമായ കാരണങ്ങൾ ഉൾക്കൊള്ളുന്നതാണ്. പൊതുയിടമായ വിദ്യഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന മുസ്‌ലിംകൾ ഇത്തരം ഏർപ്പാടുകളിൽ നിയമപരമയോ പൊതുബോധസംബന്ധമായോ നിർബന്ധിക്കപ്പെടുന്നതിന്റെ ആശങ്കയാണ് മുസ്‌ലിം സംഘടനാ നേതാക്കൾ പങ്കുവയ്ക്കുന്നത്.

സുംബ നൃത്തം മുഷിപ്പായി (boring) അനുഭവപ്പെടുന്നതിനാലോ, അങ്ങനെ ഒന്ന് ആളുകളുടെ മുന്നിൽ ചെയ്യുന്നതിലുള്ള നാണത്താലോ അതിൽനിന്ന് വിട്ടുനിൽക്കാൻ അവകാശമുള്ളത് പോലെത്തന്നെ മതപരമായ കാരണം കൊണ്ട് അതിൽനിന്ന് വിട്ടുനിൽക്കാനുള്ള അവകാശവും ഉണ്ടാകണം. മതപരമായ വിലക്കിന്റെ യുക്തി ഇന്ന് പൊതുബോധത്തെ നിർണയിക്കുന്ന ലിബറൽ യുക്തിക്ക് സ്വീകര്യമാണോ അല്ലേ എന്നത് ഇവിടെ പ്രസക്തമല്ല. ഭരണഘടന വിഭാവനം ചെയ്യുന്ന ബഹുസ്വര ഭരണവ്യവസ്ഥയുടെ പരിധിയിൽ വരുന്നതാണിത്. അതിനെ ഇല്ലാതാക്കുന്ന നിർബന്ധങ്ങൾ സാംസ്കാരിക ആധിപത്യത്തിന്റെ ഒരു രാഷ്ട്രീയ പദ്ധതിയായാണ് മനസിലാക്കേണ്ടത്. ‘മതേതര’ വിദ്യാഭ്യാസത്തെ ആയുധമാക്കി നടത്തുന്ന ലിബറൽ തീവ്രവാദമാണിത്.

മതപരമായ കാരണങ്ങൾ ഉണ്ട് എന്നതുകൊണ്ട് അതല്ലാത്ത കാരണങ്ങൾ കൂടെ ഉണ്ടാവില്ല എന്ന് വരില്ല. മതപരമായ വിലക്ക് ഭൗതിക വ്യവഹാരങ്ങൾ കൂടെ ഉൾക്കൊള്ളുന്നതാണ് താനും. ആ അർഥത്തിലാണ് ഇതിന്റെ ശാസ്ത്രീയത ചോദ്യം ചെയ്യപ്പെടുന്നത്. അതല്ല, അത് ചോദിക്കാൻ മാത്രം പാടില്ലാത്ത നിലക്ക് പരിമിതമാണോ ഇന്നത്തെ അഭിപ്രായ സ്വാതന്ത്ര്യവും ശാസ്ത്ര ബോധവുമൊക്കെ?

അതിന് പുറമെ ഇതിനോട് വിമുഖത കാണിക്കുന്ന വിദ്യാർഥി- അധ്യാപകരെ, അവർ പൊതു വിദ്യാഭ്യാസ സ്ഥാപനത്തിൽ പഠിക്കുകയോ ജോലി ചെയ്യുകയോ ആണ് എന്നതിന്റെ പേരിൽ നിർബന്ധിക്കുക വഴി വിദ്യാഭ്യാസ സ്ഥാപനങ്ങളെ ജീവരാഷ്ട്രീയ (biopolitical) നിയന്ത്രണ മേഖലകളാക്കി മാറ്റുകയാണ്. ആഘോഷം/ ആസ്വാദനം/ ഉല്ലാസം എന്നിവയുടെ മറ കൊണ്ട് മറയ്ക്കുന്ന ഈ നിർബന്ധം പുരോഗമനപരമായ ഭാവനകൾക്കുള്ളിലെ ഈ അധിനിവേശത്തെയാണ് വെളിപ്പെടുത്തുന്നത്.

സുംബാ നർത്തനത്തെ എതിർക്കുന്നവരെ ‘ലഹരിയെക്കാൾ മാരകമായ വിഷം’ എന്ന് വിദ്യാഭ്യാസമന്ത്രി വിശേഷിപ്പിക്കുകയുണ്ടായി. എതിർക്കുന്നവർ വിദ്യാഭ്യാസ മേഖലയെ മെച്ചപ്പെടുത്തുന്നതിനുപകരം വർഗീയതയ്ക്കും വിഭാഗീയതയ്ക്കും വളം നൽകുകയുമാണത്രെ ചെയ്യുന്നത്! പൊതുവിദ്യാഭ്യാസ മേഖലയിൽ സർക്കാർ കൊണ്ടുവരുന്ന എല്ലാ പരിഷ്കാരങ്ങളെയും വിമർശനരഹിതമായി സ്വീകരിക്കണമെന്നുണ്ടോ? ഇല്ലായെങ്കിൽ പിന്നെ, ഒരു എതിർപ്പിനെ അതിന്റെ യുക്തിപരമായ അടിത്തറ പരിഗണിക്കാതെ തന്നെ ‘മാരകമായ വിഷം പകർന്നു,’ ‘വർഗീയതയ്ക്ക് വളം നൽകി’

എന്നൊക്കെയുള്ള കടുത്ത വാക്കുകളാൽ നേരിട്ടത് എന്തിനാണ്? ഇത്തരം ആരോപണങ്ങൾക്ക് സർക്കാർ തന്നെ നേതൃത്വം നൽകുകയാണെങ്കിൽ, അത് ഈ സമുദായത്തിനെതിരായ നിലവിലുള്ള ഹിംസാത്മക പ്രവണതകൾക്ക് ഊർജം പകരുകയല്ലേ ചെയ്യുക?

'RTE പ്രകാരം സർക്കാർ നിർദേശിക്കുന്ന പഠന പ്രക്രിയകൾകളിൽ കുട്ടികൾ നിർബന്ധമായും പങ്കെടുക്കണം. രക്ഷിതാവിന് അതിൽ ചോയ്സ് ഇല്ല. കോണ്ടക്ട് റൂൾസ് പ്രകാരം വകുപ്പ് നിർദേശിക്കുന്ന കാര്യങ്ങൾ ചെയ്യാൻ അധ്യാപകന് ബാധ്യതയുണ്ട്' എന്ന പ്രസ്താവന സാങ്കേതികമായി ശരി തന്നെയാണ്. ഇതുപ്രകാരം, ഇനി സർക്കാരിന് അതിന്റെ ideological താൽപര്യത്തിനനുസരിച്ച് 'പഠന പ്രക്രിയകളിൽ' എന്ന വ്യാജേന ഏത് പോളിസിയും അടിച്ചേൽപിക്കാൻ കഴിയും; അത് ഇവിടെയുള്ള അതിന്റെ അപരരായ സമുദായത്തിന് എത്ര പ്രശ്നമുള്ളതായാലും. പഠന പ്രക്രിയയിൽ പുതുതായി ഉൾപ്പെടുത്തുന്ന കാര്യം, വിദ്യാഭ്യാസ പ്രക്രിയയിൽ പങ്കാളികളായ മാതാപിതാക്കൾ, വിദ്യാർഥി (കൾ)സംഘടനകൾ, അധ്യാപകർ എന്നിവരെ തെര്യപ്പെടുത്താതെ ചെയ്യുന്നത് ശരിയാണോ? ഇത് ഭരണഘടന ഉറപ്പ് നൽകുന്ന അറിവോടെയുള്ള തീരുമാനമെടുക്കാനുള്ള അവകാശത്തിനെതിരാണ് (right to informed decision-making).

മറ്റൊരു കാര്യം 'മാന്യമല്ലാത്ത വസ്ത്രം നിർദേശിച്ചിട്ടില്ല' എന്ന പ്രസ്താവനയാണ്. വ്യത്യസ്ത മാധ്യമ ചർച്ചകളിലും ഇത് കണ്ടിരുന്നു. ഇതിനർഥം വസ്ത്രധാരണത്തിൽ ഒരു പ്രത്യേക 'സാദാചാര' (decency) മാനദണ്ഡം ഊന്നിപ്പറയുന്നു എന്നാണ്. ഈ മാനദണ്ഡം നിഷ്കർഷിക്കുന്നത് എങ്ങനെ? നിയമം പരിമിതപ്പെടുത്തിയത് അടിസ്ഥാനമാക്കിയാണെന്ന് വാദിക്കാം. എന്നാൽ പൊതുമണ്ഡലത്തിൽ (വ്യത്യസ്ത സ്ഥലങ്ങളിലും സന്ദർഭങ്ങളിലും) നിയമം അനുവദിച്ചതിനെയും നാം ഇങ്ങനെ വിളിക്കാറുണ്ട്. അതിനർഥം പൊതുവെ അംഗീകരിക്കപ്പെട്ട ഒരു സദാചാരബോധത്തിന് അനുസൃതമായാണ് നമ്മൾ വസ്ത്രം ധരിക്കുന്നത് എന്നാണ്.

ഒരു സമുദായത്തിന് അതിന്റേതായ സദാചാര ബോധമുണ്ടാകുന്നതിൽ എന്തു തെറ്റ്? ഈ ചോദ്യം ഇവിടെ അത്യന്താപേക്ഷിതമാണ്. ഒരു സമുദായത്തിന് അതിന്റെ സാംസ്കാരികമൂല്യങ്ങളും ആചാരബോധവും സംരക്ഷിക്കാനുള്ള അവകാശം ഇന്ത്യൻ ഭരണഘടന ഉറപ്പുനൽകുന്നു. സുംബാ നർത്തനത്തിന്റെ വസ്ത്രധാരണത്തിനെതിരായുയർന്നുവരുന്ന വിമർശനങ്ങളുടെ പശ്ചാത്തലത്തിൽ, ഈ സാംസ്കാരിക സ്വാതന്ത്ര്യത്തിനുള്ള ഭരണഘടനാ ഉറപ്പാണ് കേന്ദ്രീഭവിക്കുന്നത്. ■

> ഇന്ത്യാരാജ്യത്തെ മുസ്‌ലിം സംഭാവനകൾ, സ്വാതന്ത്ര്യ സമരത്തിലും രാഷ്ട്രപുനർനിർമാണത്തിലും അവർ വഹിച്ച പങ്ക്, കേരളത്തിലെ മുസ്‌ലിം സാന്നിധ്യം, നവോത്ഥാനത്തിന്റെയും സ്വാതന്ത്ര്യസമരങ്ങളുടെയും വസ്തുതകൾ എന്നിവ വരുംതലമുറയുടെ കണ്ണിലും കാതിലുമെത്താതിരിക്കാൻ വലിയ ശ്രമങ്ങൾ നടക്കുന്നുണ്ട്. അതിനാൽ ഏതൊരു സമൂഹത്തിന്റെയും സത്യസന്ധമായ ചരിത്രം അതത് സമൂഹംതന്നെ സൂക്ഷിക്കണം. അടുത്ത തലമുറക്ക് കൈമാറണം. പഠിപ്പിക്കപ്പെടണം.

# ചരിത്രങ്ങളുടെ പൊൻതൂവലുകൾ മോഷ്ടിക്കുന്നവർ

നാം ചരിത്രം സൃഷ്ടിക്കുന്നില്ലെങ്കിൽ ചരിത്രം നമ്മെ സൃഷ്ടിക്കുമെന്നത് ഒരു പ്രാപഞ്ചികയാഥാർഥ്യമാണ്. ചരിത്രം സ്വയം സൃഷ്ടിക്കാത്ത പൂർവിക സമൂഹങ്ങളുടെ ചരിത്രം മറ്റുള്ളവർ അവരവരുടെ കാഴ്ചപ്പാടുകളനുസരിച്ച് മെനഞ്ഞുണ്ടാക്കി. എന്നാൽ സ്വന്തം ചരിത്രം സൃഷ്ടിച്ചവർക്ക് എന്നും കാലത്തെ അതിജീവിച്ചു നിലനിൽക്കാൻ കഴിഞ്ഞിട്ടുണ്ട്. അജ്ഞതാന്ധകാര കാലത്തെ വകഞ്ഞുമാറ്റി മുന്നേറാൻ മുസ്‌ലിം പൂർവികർ ശ്രമിച്ചപ്പോൾ അതിനെ തടുക്കാൻ ആർക്കും കഴിഞ്ഞില്ല. അതുകൊണ്ടാണ് ശാസ്ത്ര, സാങ്കേതിക മുന്നേറ്റങ്ങളിൽ തമസ്കരിക്കപ്പെടാനാകാതെ മുസ്‌ലിം നാമങ്ങളും സംജ്ഞകളും ഇന്നും നിലനിൽക്കുന്നത്.

## കുഞ്ഞുമുഹമ്മദ് മദനി പറപ്പൂർ



കൊറോണ വൈറസിന്റെ അപ്രതീക്ഷിതമായ കടന്നുകയറ്റം പൊടുന്നനെ ലോകത്തെത്തന്നെ സ്തംഭിപ്പിച്ചപ്പോൾ, പ്രവാചക പാഠങ്ങളുടെ പ്രസക്തിയെ ലോകാരോഗ്യസംഘടനയിലെ ബുദ്ധിജീവികളടക്കം ചർച്ചക്കെടുത്തത് ചരിത്രത്തെ ആർക്കും മണ്ണിട്ടുമൂടാൻ പറ്റില്ല എന്നതിന്റെ തെളിവാണ്.

മാനവികതയെ നേർവഴിയിലേക്കു നയിച്ച നബിമാരുടെ മാർഗദർശനവും പ്രമാണബദ്ധമായ ജീവിത നിലപാടും നേടാൻ കഴിയാതെ, അന്ധവിശ്വാസങ്ങളുടെ ജീർണിച്ചദുർഗന്ധം വമിക്കുന്ന ആശയങ്ങൾ കൈവിടാത്തവർ കഴിഞ്ഞകാല ചരിത്രങ്ങളുടെ പൊൻതൂവലുകൾ മോഷ്ടിക്കാനും, അന്യരുടെ ചരിത്രങ്ങൾ അവകാശപ്പെടാനും, ചരിത്രം സൃഷ്ടിച്ചവരെ തമസ്കരിക്കാനും എമ്പാടും ശ്രമം നടത്തികൊണ്ടിരിക്കുന്നുണ്ടിവിടെ.

മാനവിക നവോത്ഥാനങ്ങളുടെ ഉറവിടങ്ങളും ഇന്ത്യാരാജ്യത്തിന്റെ സ്വാതന്ത്ര്യസമര ചരിത്രങ്ങളും രാജ്യം ഇതുവരെ ഉയർത്തിപ്പിടിച്ചുപോന്ന ജനാധിപത്യ, മതേതര ഘടനാചരിത്രവുമടക്കമുള്ളവയുടെ ഗതിമാറ്റാൻ ഗൂഢമായ തന്ത്രങ്ങൾ നടക്കുന്നു. അധികാരവും പൗരോഹിത്യജീർണതകളുടെ പുനഃസ്ഥാപനവുമാണ് ഇതിന്റെയൊക്കെ ലക്ഷ്യം എന്ന് നിഷ്പക്ഷമായി ചിന്തിക്കുന്നവർക്ക് ബോധ്യമാണ്. ഇവിടെ ആർക്കും ആരെയും തടുക്കാൻ കഴിയില്ലെങ്കിലും നന്മ പുലരണം എന്നാഗ്രഹിക്കുന്നവർക്ക് ചില ബാധ്യതകളുണ്ട്. നവോത്ഥാനത്തിന്റെ ചരിത്രം അട്ടിമറിക്കുക എന്നതിന്റെയർഥം നവോത്ഥാനത്തിന്ന് നിമിത്തമായ ആശയങ്ങളെ കുഴിച്ചുമൂടുക എന്നാണ്. അപ്രകാരം ഇന്ത്യാരാജ്യത്തിന്റെ സ്വാതന്ത്ര്യസമര ചരിത്രത്തെയും മതേതര-ജനാധിപത്യ വളർച്ചയുടെ നാൾവഴികളെയും വക്രീകരിക്കുക എന്നാൽ വസ്തുതകളെയും സത്യത്തെയും ചിതയിലിട്ട് തീകൊടുക്കുക എന്നാണ്. വേരുമുറിഞ്ഞ വൃക്ഷംപോലെ രാജ്യത്തിന്റെ പൈതൃകം ഇതുമൂലം ഉണങ്ങി നശിച്ചുപോകുമെന്ന് നാം ഭയപ്പെടണം.

ശൈഖ് സൈനുദ്ദീൻ മഖ്ദൂം തന്റെ 'ഹിദായത്തുൽ അദ്കിയാ'യിൽ ഒരു ഉപമ പറയുന്നുണ്ട്. 'സ്വന്തമായി വീടുവെക്കാതെ മരക്കൊമ്പിൽ ചാടിച്ചാടി കാലംകഴിക്കുന്ന കുരങ്ങ് തോരാതെ മഴ പെയ്യുമ്പോൾ, സ്വയം കൂടുകെട്ടി ആ കൂട്ടിൽ സുഖമായി കയറിയിരിക്കുന്ന കുരുവിയുടെ കൂട് മാന്തിപ്പൊളിക്കുമെന്ന്.' ഇതാണ് ഇപ്പോൾ നവോത്ഥാനത്തിനോടും ചരിത്രത്തിനോടും പലരും ചെയ്യുന്ന വേലകൾ.

ഇവിടെ പ്രത്യേകമായി ഒരു കാര്യം സൂചിപ്പിക്കുകയാണ്. ഇന്ത്യാരാജ്യത്തെ മുസ്‌ലിം സംഭാവനകൾ, സ്വാതന്ത്ര്യ സമരത്തിലും രാഷ്ട്രപുനർനിർമാണത്തിലും അവർ വഹിച്ച പങ്ക്, കേരളത്തിലെ മുസ്‌ലിം സാന്നിധ്യം, നവോത്ഥാനത്തിന്റെയും സ്വാതന്ത്ര്യ സമരങ്ങളുടെയും വസ്തുതകൾ എന്നിവ വരുംതലമുറയുടെ കണ്ണിലും കാതിലുമെത്താതിരിക്കാൻ വലിയ ശ്രമങ്ങൾ നടക്കുന്നുണ്ട്. അതിനാൽ ഏതൊരു സമൂഹത്തിന്റെയും സത്യസന്ധമായ ചരിത്രം അതത് സമൂഹംതന്നെ സൂക്ഷിക്കണം. അടുത്ത തലമുറക്ക് കൈമാറണം. പഠിപ്പിക്കപ്പെടണം. ലഭ്യമായ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തപ്പെടണം. തങ്ങൾ ഈ രാജ്യത്തിൽ അവകാശമുള്ളവരാണെന്നും തങ്ങളുടെയും സാംസ്കാരിക സംഭാവനകൾ ഇവിടെയുണ്ടെന്നും കൃത്യമായ അറിവും ബോധ്യവുമുള്ളവരായിരിക്കണം വരും തലമുറ. അല്ലെങ്കിൽ അവർക്ക് അപകർഷതയാൽ തലയുയർത്താനാവില്ല. ■

ഹാഷിം കാക്കയങ്ങാട്
: 95442 25529




ജീവിക്കുന്നത് ഇരുപത്തൊന്നാം നൂറ്റാണ്ടിലാണെന്നും സ്വതന്ത്ര ഇന്ത്യയിലാണെന്നുമുള്ള നല്ല ബോധ്യത്തോടെ തന്നെയാണ് ഇതിനെ എതിർക്കാനിറങ്ങിയത്. ഒരു മത റിപ്പബ്ലിക്കിലോ മതവിരുദ്ധ കമ്യൂണിസ്റ്റ് രാജ്യത്തോ ഒന്നുമല്ല എന്നുമറിയാം. ജനാധിപത്യ രാജ്യത്തെ ഭരണഘടന ഉറപ്പ് നൽകുന്ന വിശ്വാസ-അഭിപ്രായസ്വാതന്ത്ര്യം ഞങ്ങൾക്കുമുണ്ടെന്ന തിരിച്ചറിവും വേണ്ടുവോളമുണ്ട്.

# മിണ്ടരുത്; താലിബാനികളാകും!

**രംഗം: 1** പൊതുവിദ്യാലയത്തിലെ പാഠ്യപദ്ധതിയുടെ ഭാഗമായി 'ഫിറ്റ്നസ് ഡാൻസ്' എന്ന പേരിൽ ഒരു സംഗതി കൊണ്ടുവരുന്നു. 'സംഗതി' ഒരു ലാറ്റിനമേരിക്കൻ ഡാൻസ് ആണ്. അധ്യാപക പരിശീലനത്തിൽ അവരെക്കൊണ്ട് ഇത് കളിപ്പിക്കുന്നു. കുട്ടികൾ ലഹരിയിലേക്ക് പോകാനുള്ള പ്രധാന കാരണം അവർ അനുഭവിക്കുന്ന മാനസിക സംഘർഷങ്ങളാണെന്നും അത് പരിഹരിക്കാൻ വേണ്ടിയാണ് ഇതെന്നുമാണ് ന്യായം. ലഹരിവിരുദ്ധ ദിനത്തിന്റെ ഭാഗമായി സ്കൂളുകളിൽ സൂംബ കളിക്കണമെന്ന നിർദേശം വരുന്നു. ക്ലാസ് ഗ്രൂപ്പുകളിലും സ്കൂൾ-അധ്യാപക ഗ്രൂപ്പുകളിലും ഇത് പഠിക്കാനുള്ള യൂട്യൂബ് ലിങ്ക് ഉത്തരവാദപ്പെട്ടവർ പോസ്റ്റ് ചെയ്യുന്നു. കുട്ടികൾ ഇത് കണ്ടു പഠിച്ച് വരണമെന്ന് അധ്യാപകർ നിർദേശിക്കുന്നു. ലിങ്ക് തുറക്കുമ്പോൾ അതിൽ അൽപവസ്ത്രധാരികളായ സ്ത്രീകളുടെ വീഡിയോ വരുന്നു. പാഠപുസ്തകത്തിൽ ഇതുമായി ബന്ധപ്പെട്ട പേജുകളിൽ ഇതേ കോലത്തിൽതന്നെ ചിത്രങ്ങൾ കാണപ്പെടുന്നു.

**രംഗം: 2** കുട്ടികളിലെ ലഹരി നിർമാർജനത്തിന് സൂംബ എങ്ങനെയാണ്

പരിഹാരമാകുന്നത്? എന്ത് പഠനത്തിന്റെ അടിസ്ഥാനത്തിലാണ് ഇത് നടപ്പിലാക്കിയത്? ഈ മേഖലയുമായി ബന്ധപ്പെട്ട വിദഗ്ധരുമായി ആലോചിച്ചിരുന്നോ? ഇസ്‌ലാമിക വിശ്വാസമനുസരിച്ച് ജീവിക്കുന്നവർക്ക് ഇത് അംഗീകരിക്കാൻ കഴിയില്ല. സംസ്കാരം പഠിക്കാൻ വേണ്ടി പോകുന്ന വിദ്യാലയങ്ങളിൽ ഇത്തരമൊരു നിയമം അടിച്ചേൽപിക്കുന്നത് ശരിയല്ല. അതുകൊണ്ട് തന്നെ ജനാധിപത്യ രാജ്യത്തെ ഒരു പൗരനെന്ന നിലയ്ക്ക് ഇതിൽ പങ്കെടുക്കുകയോ തന്റെ കുട്ടികളെ പങ്കെടുപ്പിക്കുകയോ ചെയ്യില്ല എന്ന് അധ്യാപകൻ കൂടിയായ മുസ്‌ലിം സംഘടനാ സാരഥി ഫെയ്സ് ബുക്ക് പോസ്റ്റിടുന്നു.

പ്രസ്തുത പോസ്റ്റിടുന്നതിന് 2 മാസം മുമ്പ്, അതായത് ഏപ്രിൽ 29ന് ഇതിന്റെ യുക്തിരാഹിത്യത്തെ കുറിച്ച് വിശദമായ പോസ്റ്റ് എഫ്ബിയിൽ ഇട്ടിരുന്നു. കുട്ടികളെ ഉൻമേഷമുള്ളവരാക്കാൻ ഇപ്പോൾ തന്നെ ധാരാളം പദ്ധതികൾ ഉണ്ടന്നും physical training പീരിയഡുകൾ കൃത്യമായി ഉപയോഗപ്പെടുത്തിയാൽ ഈ പറയുന്ന പ്രശ്നങ്ങൾക്ക് ഒരു പരിധി വരെ പരിഹാരമാകുമെന്നും എന്നാൽ ഭൂരിഭാഗം സ്കൂളുകളിലും പി.ടി.അധ്യാപക പോസ്റ്റ് ഒഴിഞ്ഞുകിടക്കുകയാണെന്നും അത് നികത്താൻ വേണ്ട പണിയെടുക്കുകയാണ് വേണ്ടതെന്നും തുടങ്ങി ഒരു പാട് നിർദേശങ്ങൾ അന്നത്തെ പോസ്റ്റിൽ പറയുന്നുണ്ട്. എന്നാൽ ആരും അത് ഗൗനിച്ചില്ല.

ഇനിയാണ് കളി മാറുന്നത്. പുതിയ പോസ്റ്റ് വന്നതോടെ സകല ചാനലുകളും സംഗതി ഏറ്റെടുക്കുന്നു. ഇസ്‌ലാമിക തീവ്രവാദം ശക്തിപ്പെടുന്നേ... അധ്യാപകൻതന്നെ ഇങ്ങനെയായാൽ എന്ത് ചെയ്യും എന്ന മുറവിളികൾ ഉയരുന്നു. ‘ലഹരിയെക്കാൾ മാരകമായ വിഷം’ എന്ന് എതിർത്തവരെ വിദ്യാഭ്യാസ മന്ത്രി വിശേഷിപ്പിക്കുന്നു. മതം ഞങ്ങളോട് ആജ്ഞാപിക്കാൻ വരേണ്ടെന്ന് ഭരണകക്ഷിയുടെ ജനറൽ സെക്രട്ടറി, ഇത് മത റിപ്പബ്ലിക്കല്ലെന്ന് അവരുടെ യുവജന നേതാവ്, മന്ത്രി ബിന്ദുവിന്റെ വക പ്രാകൃതമെന്ന വിലയിരുത്തൽ. ചാനൽ വിശാരദൻ അരുൺ കുമാറിന് ഇസ്‌ലാമിക ദൃഷ്ടിയിൽ ഭൂമി ഉരുണ്ടതോ പരന്നതോ എന്നറിയണം, വേറെ കുറേയെണ്ണം മോദി ഇപ്പോൾ കൂട്ടുകാരാക്കിയ താലിബാനെവരെ ഇങ്ങോട്ട് വിളിച്ചുവരുത്തി സൂംബ വിമർശകരുമായി നിക്കാഹ് ചെയ്യിക്കാനുള്ള തിരക്കിലായിരുന്നു. ഇസ്‌ലാമിക ശരീഅത്ത് ശരിയല്ലെന്നു പറഞ്ഞ് ഭാര്യയെ രണ്ടാം നിക്കാഹ് നടത്തിയ ഒരു വക്കീലിന്റെ വക ഇത് ഇസ്‌ലാമല്ല, ഇത് ഞാൻ പഠിച്ച ഇസ്‌ലാമല്ല എന്നിങ്ങനെ സർട്ടിഫിക്കറ്റ് നൽകൽ...ഇങ്ങനെ എന്തെല്ലാം കോമഡികൾ! ഏതാണ്ടെല്ലാ ചാനൽ ചർച്ചകളിലും അവതാരകർ എതിർപക്ഷത്തെ കൂടുതൽ വിശദീകരിക്കാൻ അനുവദിക്കാതെ വിചാരണ ചെയ്യുകയായിരുന്നു. നിങ്ങളേത് ലോകത്താണ് കൂട്ടരേ ജീവിക്കുന്നതെന്നാണ് പല ആങ്കർമാരും ചോദിച്ചത്.

ജീവിക്കുന്നത് ഇരുപത്തൊന്നാം നൂറ്റാണ്ടിലാണെന്നും സ്വതന്ത്ര ഇന്ത്യയിലാണെന്നുമുള്ള നല്ല ബോധ്യത്തോടെ തന്നെയാണ് ഇതിനെ എതിർക്കാനിറങ്ങിയത്. ഒരു മത റിപ്പബ്ലിക്കിലോ മതവിരുദ്ധ കമ്യൂണിസ്റ്റ് രാജ്യത്തോ ഒന്നുമല്ല എന്നുമറിയാം. ജനാധിപത്യ രാജ്യത്തെ ഭരണഘടന ഉറപ്പ് നൽകുന്ന വിശ്വാസ-അഭിപ്രായ സ്വാതന്ത്ര്യം ഞങ്ങൾക്കുമുണ്ടെന്ന തിരിച്ചറിവും വേണ്ടുവോളമുണ്ട്. അതുകൊണ്ട് തന്നെ എതിർശബ്ദങ്ങൾ ഉയർന്നു വരുമ്പോൾ അതിനെ താലിബാനിസം, ലഹരിയെക്കാൾ വിഷം, മത റിപ്പബ്ലിക്ക്, ആറാം നൂറ്റാണ്ട് തുടങ്ങിയ ചാപ്പകൾ നൽകി അടിച്ചമർത്താം എന്ന് കരുതിയെങ്കിൽ തെറ്റി. എല്ലാ തരത്തിലുമുള്ള അടിച്ചേൽപിക്കലിനെതിരെ അഭിപ്രായം പറഞ്ഞുകൊണ്ടേയിരിക്കും.

■

ZUMBA
ലക്ഷ്യം അത്ര
നിഷ്കളങ്കമല്ല!



ശാഹുൽ പാലക്കാട്
: 96337 79947

# ശാസ്ത്രവാദികളുടെ അശാസ്ത്രീയ പരിഷ്കാരങ്ങൾ

ചികിത്സിക്കാനറിയാത്ത ഡോക്ടർ ഏതു രോഗത്തിനും കൈയിൽ മുന്നേ കരുതിയ ഒരേ മരുന്ന് തന്നെ നൽകുന്ന പോലെയാണ് ഭരിക്കാൻ അറിയാത്ത സർക്കാർ പ്രശ്നങ്ങൾക്ക് കണ്ടെത്തുന്ന മിക്ക പരിഹാരങ്ങളും. അവയെല്ലാം ഒരേ കോലത്തിലുള്ളതും പ്രവർത്തിക്കാത്തതുമാകുന്നു.

തുല്യതയെന്നാൽ ജെൻഡർ വ്യതിരിക്തതകളെ ഇല്ലാതാക്കുകയും ആണും പെണ്ണും ഒരുപോലെ ന്യൂട്രൽ വസ്ത്രം ധരിക്കലാണെന്നും ചിന്തിച്ച ബുദ്ധിയില്ലായ്മ ഇപ്പോഴും സർക്കാരിനെ വിട്ടുപോയിട്ടില്ല എന്നാണ് പുതിയ നിലപാടുകളും തെളിയിക്കുന്നത്.

പെൺകുഞ്ഞുങ്ങൾ കളിക്കാൻ പാവകളെയും ആൺകുഞ്ഞുങ്ങൾ ടോയ്സായി തോക്കും ട്രക്കും തിരഞ്ഞെടുക്കുന്നതുമൊക്കെ സാമൂഹ്യമായ ജെൻഡർ ബോധത്തിന്റെ അടിച്ചേൽപിക്കൽ കൊണ്ടാണെന്ന് ഉന്നത വിദ്യാഭ്യാസ മന്ത്രി കാര്യമായി മുൻപും വിവരക്കേട് പറയുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. വാസ്തവത്തിൽ കുരങ്ങുകളിൽ പോലും കാണുന്ന ഈ ജെൻഡർ വ്യതിരിക്തതകൾ അവരുടെ പ്രകൃതത്തിന്റെ തന്നെ സ്വഭാവമാണ്.

വൈരുധ്യാധിഷ്ഠിത ഭൗതികവാദമൊക്കെ ഇപ്പോഴും ശരിയാണെന്ന് കരുതി ജീവിക്കുന്നവർക്ക് ഇതൊന്നും മനസ്സിലാകാത്തത് പോട്ടെ എന്നു വെക്കാം. പക്ഷേ, ഒരു വിഷയത്തെ യുക്തിപരമായ തെളിവുകൾകൊണ്ട് സമർഥിക്കുന്നതിന് പകരം എതിർപക്ഷത്ത് നിൽക്കുന്നവരെ താലിബാനികൾ/തീവ്ര ചിന്താഗതിക്കാർ എന്നൊക്കെ name call ചെയ്ത് ചാപ്പ കൊടുത്താൽ പരിഹാരമാകും എന്നൊക്കെ കരുതുന്നത് എന്തുതരം വിവരമില്ലായ്മയാണ്! ഒരു വിഭാഗം യുക്തിയും സദാചാരവും ശാസ്ത്രീയ ന്യായങ്ങളും പറയുമ്പോൾ മറ്റൊരു കൂട്ടർ ചാപ്പയടിയും റദ്ദ് ചെയ്യലിന്റെ യുക്തിയുമായി പ്രതികരിക്കുന്നു.

(Sex differences in children's toy preferences: A systematic review, meta-regression, and meta-analysis). സകല അധ്യാപകരെയും ടീച്ചർ എന്നു മാത്രം വിളിച്ചാൽ തുല്യത കൊണ്ടുവരാം എന്നായിരുന്നു ഈയടുത്ത് ഇവർ കണ്ടെത്തിയ മറ്റൊരു സിദ്ധാന്തം. ഇവിടെയെല്ലാം ജെൻഡറുകളെയും ജീവിതത്തെയും സംബന്ധിച്ച തങ്ങളുടെ കൈയിലുള്ള മുൻധാരണ അപ്രായോഗികമാണെന്ന് ആവർത്തിച്ച് ബോധ്യപ്പെടേണ്ട സമയം കഴിഞ്ഞിട്ടും അതിലും അർഥശൂന്യമായ മറ്റൊരു നിലപാട് കൊണ്ടുവരുന്നു എന്നതാണ് സൂംബ നൃത്തം അടിച്ചേൽപിക്കുന്നതിലെ വൈരുധ്യം.

കുട്ടികൾ കൂട്ടത്തോടെ സൂംബാ ഡാൻസ് കളിച്ചാൽ ലഹരിയുപയോഗം ചെറുക്കാം എന്നതിന് തെളിവും യുക്തിയും ഇല്ല എന്നതാണ് ഒന്നാമത്തെ കാര്യം. തെളിവില്ലാത്ത ഏതു കാര്യത്തെയും തെളിവില്ലാതെ തന്നെ തള്ളാം. What can be asserted without evidence can alos be dismissed without evidence (Hitchens).

കായികവും മാനസികവുമായ ഉല്ലാസവും ഉന്മേഷവും ഉണ്ടായാൽ ആരും ലഹരിയിലേക്ക് വീഴില്ല എന്നതാണ് മുഖ്യമന്ത്രി പറഞ്ഞ 'ന്യായം!' നിശാ ക്ലബ്ബുകളിൽ ഇതേ ഉന്മേഷവും ഉല്ലാസവും ഡാൻസും ഒക്കെ തകൃതിയായി നടക്കുന്ന ഇടങ്ങളിലാണ് റെയ്ഡുകളിൽ സർവസാധാരണമായി മാരകലഹരി മരുന്നുകൾ പിടികൂടാറുള്ളത് എന്ന യാഥാർഥ്യം നിലനിൽക്കെ എങ്ങനെയാണ് ഇങ്ങനെ മണ്ടത്തരം പറയാൻ പറ്റുന്നത് എന്നറിയില്ല! കലയെന്ന പേരിൽ rap pop music വരികൾ ഒരു സമൂഹത്തിലെ ലജ്ജാ ബോധത്തെ ഇല്ലാതാക്കിയാണ് ഒരു ശതമാനം അമേരിക്കൻ യുവതലമുറയെ രാസലഹരിയിലേക്ക് എത്തിച്ചതെന്നാണ് Ben shapiero തന്റെ porn generation എന്ന കൃതിയിൽ നടത്തുന്ന വിമർശനം തന്നെ.

ഇനി ശാസ്ത്രീയമായ പരിഹാരമാർഗങ്ങൾ തന്നെയാണ് ആവശ്യം എന്ന് തോന്നുന്നുണ്ടെങ്കിൽ അതും ഇടതു സർക്കാറിന് അത്ര ദഹിക്കുന്ന കോലത്തിലുള്ള ഒന്നല്ല.

2019ലെ Are religious people happier, healthier? എന്ന pew research പഠനം അനുസരിച്ച് ലഹരിയിൽ നിന്നും അശ്ലീലതകളിൽനിന്നും വ്യക്തികളെ മാറ്റി നിറുത്താൻ ദൈവവിശ്വാസം സഹായിക്കുന്നു എന്നാണ് കണ്ടെത്തിയിട്ടുള്ളത്. (The actively religious are generally less likely than the unaffiliated to smoke and drink).

കൂടാതെ ലഹരിയിലേക്ക് എത്തുന്ന വലിയൊരു ശതമാനം അതിനെ കാണുന്നത് ഡിപ്രഷനുള്ള പരിഹാരമായാണ്. എന്നാൽ ഈ ഡിപ്രഷനും അർഥമില്ലായ്മക്കും പരിഹാരമാകാൻ ദൈവ വിശ്വാസത്തിന് കഴിയുന്നു എന്നതും സയന്റിഫിക് ആയ നിരീക്ഷണങ്ങളാണ്. Actively religious people are more likely than their less-religious peers to describe themselves as "very happy" എന്ന് മുകളിൽ ഉദ്ധരിച്ച pew research studyയിൽ തന്നെ കാണാം. ബഹുപൂരിക്ഷം പഠനങ്ങളെ ഉൾപ്പെടുത്തിയുള്ള meta analysis ഉം ഇതുതന്നെ പറയുന്നു. (At least 444 studies have now quantitatively examined these relationships. Of those, over 60% report less depression and

സൂംബ നൃത്തം ഒരു എക്സിബിഷണലിസ്റ്റിക് കൾച്ചറിന്റെയും ജീവിത രീതിയുടെയും ഉൽപന്നമാണ്. തങ്ങളുടെ appearance സംബന്ധിച്ച് ആകുലതയുണ്ടാക്കുന്നതും മറ്റുള്ളവരുമായി സൗന്ദര്യ താരതമ്യം നടത്തിയുണ്ടാക്കുന്ന മെന്റൽ സ്ട്രൈൻ ജീവിതവും ആൺ-പെൺ കൂടിക്കലരലും show off കൾചറുമായുമെല്ലാം വിട്ടുനിൽക്കാൻ താൽപര്യപ്പെടുന്ന ജനങ്ങളുണ്ട് എന്ന കാര്യം വിസ്മരിക്കാതിരിക്കുക.

faster remission from depression in those more Religious/Spiritual or a reduction in depression severity in response to an R/S intervention).

അതായത്, 'കുറച്ച് താലിബാനികൾ' എന്ന് ഇവർ പറയുന്ന ആളുകൾ മുന്നോട്ട് വെക്കുന്ന ജീവിത രീതിയിലാണ് ഈ പ്രശ്നങ്ങൾക്കെല്ലാം ശാസ്ത്രീയമായ ബദൽ പരിഹാരങ്ങളുള്ളത്!

വൈരുധ്യാധിഷ്ഠിത ഭൗതികവാദമൊക്കെ ഇപ്പോഴും ശരിയാണെന്ന് കരുതി ജീവിക്കുന്നവർക്ക് ഇതൊന്നും മനസ്സിലാകാത്തത് പോട്ടെ എന്നു വെക്കാം. പക്ഷേ, ഒരു വിഷയത്തെ യുക്തിപരമായ തെളിവുകൾകൊണ്ട് സമർഥിക്കുന്നതിന് പകരം എതിർപക്ഷത്ത് നിൽക്കുന്നവരെ താലിബാനികൾ/തീവ്ര ചിന്താഗതിക്കാർ എന്നൊക്കെ name call ചെയ്ത് ചാപ്പ കൊടുത്താൽ പരിഹാരമാകും എന്നൊക്കെ കരുതുന്നത് എന്തുതരം വിവരമില്ലായ്മയാണ്! ഒരു വിഭാഗം യുക്തിയും സദാചാരവും ശാസ്ത്രീയ ന്യായങ്ങളും പറയുമ്പോൾ മറ്റൊരു കൂട്ടർ ചാപ്പയടിയും റദ്ദ് ചെയ്യലിന്റെ യുക്തിയുമായി പ്രതികരിക്കുന്നു.

സൂംബ ലഹരിയെ തടയും എന്ന ചിന്തതന്നെ അശാസ്ത്രീയമാണെന്ന് അതിനെ പിന്താങ്ങുന്നവർക്ക് പോലും അറിയുന്നതുകൊണ്ടാവണം ന്യായമായി പഠനങ്ങളെ ഉദ്ധരിക്കുന്നതിന് പകരം ചാപ്പ വാക്കുകളിൽ മറുപടി അവസാനിക്കുന്നത്. ശാസ്ത്രീയമായ കണ്ടെത്തലുകളെ മുൻനിർത്തി പ്രവർത്തിക്കുകയും പ്രശ്നത്തിന് പരിഹാരം കണ്ടെത്തുകയുമാണ് ലക്ഷ്യമെങ്കിൽ ജീവിതത്തിന് അർഥവും ലക്ഷ്യവും കൽപിക്കുന്ന മതദർശനങ്ങളും അതിന്റെ ധാർമിക അധ്യാപനങ്ങളും ലഹരിയിൽ നിന്ന് വിട്ടുനിൽക്കാൻ മനുഷ്യരെ പ്രാപ്തരാക്കുന്നു എന്ന ശാസ്ത്രീയമായ പഠനങ്ങൾ തന്നെയുണ്ട്. ഒരുഭാഗത്ത് ശാസ്ത്രീയമായി പ്രവർത്തിക്കില്ല എന്നുറപ്പുള്ള സൂംബ ഡാൻസ് ഉപയോഗിക്കാമെങ്കിൽ മറുഭാഗത്ത് ശാസ്ത്രീയമായി പ്രവർത്തിക്കും എന്നുറപ്പുള്ള മതദർശനങ്ങളോടുള്ള ഇടതുപക്ഷത്തിന്റെ നിലപാട് എന്താണ്?

സൂംബ കളിച്ചാൽ എന്താണ് പ്രശ്നം എന്നതാണ് ആവർത്തിക്കുന്ന ചോദ്യങ്ങൾ. ചില കാര്യങ്ങളോട് വിട്ടുനിൽക്കാൻ അത് ആഗോള പ്രശ്നം തന്നെയായിരിക്കണം എന്ന് നിർബന്ധമില്ല എന്നതാണ് അത്തരം ചോദ്യക്കാർ മനസ്സിലാക്കേണ്ടത്. ഉദാഹരണത്തിന് പൊതുവിദ്യാഭ്യാസ മന്ത്രി വി.ശിവൻകുട്ടി 'ഭാരതാംബ'യുടെ ചിത്രം വെച്ചു എന്ന ഒറ്റക്കാരണത്താൽ രാജ്ഭവനിലെ പ്രോഗ്രാമിൽനിന്നും ഇറങ്ങിപ്പോകുകയുണ്ടായി. അത്തരം ഒരു ചിത്രം അവിടെ ഇരിക്കുന്നതുകൊണ്ട് എന്ത് ആഗോള പ്രശ്നമാണ് ഉള്ളത് എന്ന് ചോദിക്കാം. എന്നാൽ സാംസ്കാരികമായും ആദർശപരമായും വിയോജിപ്പുള്ള ഒരു രീതിയോട് വിട്ടുനിൽക്കാനുള്ള ന്യായം മന്ത്രിക്കുണ്ട് എന്നതുപോലെ സാംസ്കാരികമായി വിയോജിപ്പുള്ള നൃത്തച്ചുവടുകളോട് വിട്ടുനിൽക്കാൻ ഉദ്ദേശിക്കുന്നവർക്കെല്ലാം അതിനു കഴിയണം. പ്രത്യേകിച്ച് സൂംബ നൃത്തം ഒരു എക്സിബിഷണലിസ്റ്റിക് കൾച്ചറിന്റെയും ജീവിത രീതിയുടെയും ഉൽപന്നമാണ്. തങ്ങളുടെ appearance സംബന്ധിച്ച് ആകുലതയുണ്ടാക്കുന്നതും മറ്റുള്ളവരുമായി സൗന്ദര്യ താരതമ്യം നടത്തിയുണ്ടാക്കുന്ന മെന്റൽ സ്ട്രൈൻ ജീവിതവും ആൺ-പെൺ കൂടിക്കലരലും show off കൾചറുമായുമെല്ലാം വിട്ടുനിൽക്കാൻ താൽപര്യപ്പെടുന്ന ജനങ്ങളുണ്ട് എന്ന കാര്യം വിസ്മരിക്കാതിരിക്കുക.

കലാലയങ്ങളിൽ സ്ഥിരമായി മ്യൂസിക്കിന്റെ ബാക്ഗ്രൗണ്ടിൽ ഡാൻസ് ചെയ്ത് വളരുന്ന ഒരു സമൂഹത്തിന് കലാലയങ്ങൾക്ക് ശേഷം ആ dopamine inflation നൽകുന്ന ഇടങ്ങൾ ഡിജെ പാർട്ടികളും നിശാ ക്ലബുകളും ഒക്കെ മാത്രമാണ്. ഏറ്റവുമധികം ലഹരി ഒഴുകുന്ന ഈ ഇടങ്ങളിലേക്ക് ഒരു തലമുറയെ മുഴുവൻ വഴി നടത്തുന്ന മണ്ടൻ പ്രഖ്യാപനം ലഹരിയെ ഇല്ലാതാക്കും എന്നൊക്കെ ആത്മാർഥമായി വിവരക്കേട് പറയുന്ന ആളുകൾക്ക് ആ വിവരക്കേട് സ്വന്തം മക്കളുടെ കാര്യത്തിൽ മാത്രം പ്രാക്ടീസ് ചെയ്യാവുന്നതാണ്. പൊതു സമൂഹത്തിന് മുകളിൽ അടിച്ചേൽപ്പിക്കാൻ ശ്രമിക്കുമ്പോൾ മാത്രമാണ് നമുക്ക് പ്രശ്നം. ■

ZUMBA
ലക്ഷ്യം അത്ര
നിഷ്കളങ്കമല്ല!

വിൻസെന്റ് വേലൂക്കാരൻ ആന്റണി



വൈറൽ

# സ്കൂളിൽത്തന്നെ വേണം സോംബി നൃത്തം!

പരിമിതി, സ്വാതന്ത്ര്യം; ഈ രണ്ടു വാക്കുകൾ തമ്മിൽ പൊരുത്തപ്പെടുന്നത് എങ്ങനെ? അതിനാലാണ് പരിമിതമായ സ്വാതന്ത്ര്യമെന്ന പ്രയോഗം അസംബന്ധമാകുന്നത്. എന്നാൽ അപരിമിതമായ സ്വാതന്ത്ര്യം നാശത്തിലേക്കുള്ള കവാടം കൂടിയാണ് എന്നും അറിയാതിരുന്നുകൂടാ.

അപരിമിതമായ സ്വാതന്ത്ര്യം ആവശ്യപ്പെടുന്ന ഒരു തലമുറയെ സൃഷ്ടിച്ചുവിടാൻ കഴിഞ്ഞാൽ, ഒരു രാജ്യത്തെ നശിപ്പിക്കാൻ ആരും പിന്നെ വേറെ യാതൊന്നും ചെയ്യേണ്ടതില്ല. അങ്ങനെയൊരു സ്ഥിതിയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന തലമുറ ആവശ്യപ്പെടുന്നത് എന്തൊക്കെയായിരിക്കും? മദ്യം, മയക്കുമരുന്നുകൾ, അൽപവസ്ത്രം, ചൂതാട്ടം, സംഗീതം, നൃത്തം, ആഘോഷം... അച്ചടക്കമെന്നത്, അവർക്ക് ആലോചിക്കാനേ ആവുന്നൊരു കാര്യമായിരിക്കില്ല. ഈ ലോകത്തിൽ സാത്താൻ ആരാധകർ ആദ്യമേ അവരുടെ കൈക്ക് ഒതുക്കിയത് പടിഞ്ഞാറൻ രാജ്യങ്ങളെയായിരുന്നു.

പിന്നീട്, മറ്റുള്ള രാജ്യങ്ങളെ മുഴുവൻ കൊള്ളയടിച്ച്, അവർ കൊണ്ടുവന്ന ദ്രവ്യവും പണവും കൊണ്ട് അവർ ഈ പടിഞ്ഞാറൻ രാജ്യങ്ങളെ സമ്പന്നമാക്കി. ആ അധമ സമ്പന്നത, മറ്റു രാജ്യങ്ങളിലെ ജനതകളെ, യൂറോപ്യൻ സംസ്കാരത്തിലേക്ക് ആകർഷിക്കാനുള്ള ഒന്നാമത്തെ കാരണമായി. സാത്താൻ ആരാധകരാൽ, മൂല്യങ്ങൾ മുഴുവൻ നശിപ്പിക്കപ്പെട്ട, പടിഞ്ഞാറിന്റെ ആത്മീയശൂന്യത അനുകരിക്കാൻ, പാശ്ചാത്യർ അവരുടെ പണക്കൊഴുപ്പിനാൽ മറ്റുള്ളവരെ

പ്രേരിപ്പിച്ചു. സാർവത്രിക വിദ്യാഭ്യാസം, അതിനുള്ള അവരുടെ അതിസമർഥമായ ആയുധം കൂടിയായിരുന്നു.

സ്കൂളുകളെകൊണ്ട് എന്തൊക്കെ പ്രയോജനങ്ങൾ ഉണ്ടെന്നു പറഞ്ഞാൽ തന്നെയും, നമുക്ക് നിഷേധിക്കാനാവാത്ത കാര്യമെന്തെന്നാൽ; ആ സ്കൂളുകൾ വഴിയാണ്, മോശമായ മാതൃകകൾ മുഴുവനും ലോകമെമ്പാടും പ്രചരിപ്പിക്കപ്പെട്ടത്. കിഴക്കേ രാജ്യങ്ങളിൽ എന്തൊക്കെ നിഷിദ്ധമായിരുന്നോ, അതൊക്കെ സാധ്യമാക്കിക്കൊടുത്തുകൊണ്ട്, അവിടങ്ങളിലെ യുവാക്കളെ ആത്മീയ ശൂന്യതയിൽ കൊണ്ടെത്തിക്കാൻ, പാശ്ചാത്യ സ്വാധീനമുള്ള ഭരണകൂടങ്ങൾ ലോകമെമ്പാടും പ്രയത്നിച്ചു. മദ്യം ജനകീയമാക്കി. പബ്, ബാർ എന്നിവ എവിടെയും തുടങ്ങാമെന്നായി. മയക്കുമരുന്നുകൾക്കെതിരെ നിയമങ്ങൾ കർശനമാണെങ്കിൽ തന്നെയും അവയുടെ ലഭ്യത ഉറപ്പാക്കി.

അൽപവസ്ത്രധാരണത്തെ പരിഷ്കാരമെന്നു പരിചയപ്പെടുത്തി. ഭാഗ്യക്കുറി എന്ന പേരിൽ ചൂതാട്ടത്തെ ജനജീവിതത്തിന്റെ മധ്യത്തിൽ തന്നെ സാധാരണ സംഭവമാക്കി കൊണ്ടുവന്നുവെച്ചു. ആഘോഷങ്ങൾ അനുനിമിഷം ആവർത്തിക്കേണ്ട ഒന്നാണെന്ന ധാരണ ജനങ്ങളിൽ സൃഷ്ടിച്ചെടുത്തു. സംഗീതം, നൃത്തം, എന്നിവയാണ് ഉന്നത ജീവിത നിലവാരത്തിന്റെ സൂചികകൾ എന്നാക്കിയെടുത്തു.

ഇതൊക്കെയാണ് പുരോഗമനം, ഇതാണ് നവോത്ഥാനം എന്നൊക്കെ വിളിച്ചുപറയുന്നവരെ സമൂഹമധ്യത്തിലേക്ക് ഇറക്കിവിട്ടു. ഇതൊക്കെയാണ് പുരോഗമനമെന്നത് ശരിയാണെങ്കിൽ, ഈ പുരോഗമനം നമ്മെ നാശത്തിലേക്കാണ് നയിക്കുന്നതെന്ന് നിശ്ചയം. നമ്മുടെ പരിണാമം സോംബി തലമുറകളിലേക്കെന്നു നിശ്ചയിക്കപ്പെട്ടിട്ടുണ്ടെങ്കിൽ, നമ്മുടെ പുരോഗമനം നമ്മെ അവിടെക്കൊണ്ടെത്തി ക്കും.

യോഗ, കളരി, എന്നിവക്കൊന്നും കയറിപ്പറ്റാൻ കഴിഞ്ഞില്ലെങ്കിൽ കൂടി, വരുംകാലം; റാപ്പ് സംഗീതം, സാംബൂനൃത്തം എന്നിവയുടെ പരിശീലനക്കളരികളായി കേരളത്തിലെ സ്കൂളുകൾ അധഃപതിക്കും. നാശത്തിന്റെ നിർമാണം നടത്തുന്ന ആശയങ്ങളുടെ, ലോകത്തിലെ ഒന്നാമത്തെ പരീക്ഷണനിലയമാക്കി, ഇല്ല്യൂമിനറ്റി മാഫിയ കണ്ടുവെച്ചിരിക്കുന്ന ജനത എതെന്നറിയുമോ? അതാണ്കേരള ജനത. ലോകത്തിൽ ഈ നമ്മളാണ്, സാത്താനിസ്റ്റ് ആശയങ്ങളുടെ പ്രഥമഘട്ടത്തിലെ ഗിനിപ്പിഗ്ഗുകൾ.

സോംബി ഡ്രഗ്സ്, സൂംബാ നൃത്തം എല്ലാമെല്ലാം സ്കൂളുകൾ വഴിതന്നെ വന്നെത്തും. അപ്പോഴും ചിലർ ചോദിക്കും; ബെല്ലി ഡാൻസോ കാബറെയും ഒന്നുമല്ലല്ലോ? ഇനി അതിനും സ്കൂളിൽ പരിശീലനം കിട്ടുന്ന കാലം വരുമ്പോൾ ചോദ്യം ഇങ്ങനെയായിരിക്കും: അതിൽ ധാർമികമായ കുഴപ്പം എന്താണുള്ളത്? ശരിയല്ലേ? കാബറെ നൃത്തവും വേശ്യാവൃത്തിയും കൊണ്ട് എത്രയോ പേർ സുഖമായി അത്താഴം കഴിക്കുന്നു! നമ്മുടെ രാജ്യത്തിൽ പോലും അവ കുറ്റമല്ലല്ലോ. സ്കൂൾ പഠന സമയത്തുതന്നെ ലൈംഗിക തൊഴിലുകളുടെ ബാലപാഠം സ്വായത്തമാക്കരുതോ? ജീവിതമൂല്യങ്ങളെ പറ്റി യാതൊരു ധാരണയും ഇല്ലാത്ത ജനക്കൂട്ടത്തിനു നടുവിൽ നിന്നുകൊണ്ട് സംഗീതം, നൃത്തം, ലഹരി, ആഘോഷം, ഇതിൽ എന്തിനെ പറ്റിയും സത്യസന്ധമായി സംസാരിക്കാൻ തുനിയുന്നത് തികഞ്ഞ മൗഢ്യമായിരിക്കും.

അതുകൊണ്ട് ഈ പോസ്റ്റിലെ വിഷയത്തിൽ വാദിക്കാനും, തർക്കിക്കാനുമൊന്നും ഞാനില്ലേ! ഏതായാലും; യോഗ, കളരി, എന്നിവക്കൊന്നും കയറിപ്പറ്റാൻ കഴിഞ്ഞില്ലെങ്കിൽ കൂടി, വരുംകാലം; റാപ്പ് സംഗീതം, സാംബൂനൃത്തം എന്നിവയുടെ പരിശീലനക്കളരികളായി കേരളത്തിലെ സ്കൂളുകൾ അധഃപതിക്കും. നാശത്തിന്റെ നിർമാണം നടത്തുന്ന ആശയങ്ങളുടെ, ലോകത്തിലെ ഒന്നാമത്തെ പരീക്ഷണനിലയമാക്കി, ഇല്ല്യൂമിനറ്റി മാഫിയ കണ്ടുവെച്ചിരിക്കുന്ന ജനത എതെന്നറിയുമോ? അതാണ്കേരള ജനത. ലോകത്തിൽ ഈ നമ്മളാണ്, സാത്താനിസ്റ്റ് ആശയങ്ങളുടെ പ്രഥമഘട്ടത്തിലെ ഗിനിപ്പിഗ്ഗുകൾ.

മുജീബുറഹ്മാൻ സ്വലാഹി



# ദുർവ്യാഖ്യാനത്തിൽ അഭയം തേടുന്നവർ

ശിയാക്കളിലെ അതിതീവ്ര വിഭാഗമായ റാഫിദികളുടെ മൗലിക വിശ്വാസമാണ് ഇമാമത്തും ഇമാമുകളുടെ പാപസുരക്ഷിതത്വവും. അത് പ്രവാചകത്വം (നുബുവ്വത്ത്) പോലെ അല്ലാഹു നൽകുന്ന പദവിയാണെന്നവർ വിശ്വസിക്കുന്നു.

നമസ്കാരം, സകാത്ത്, നോമ്പ്, ഹജ്ജ്, അംഗസ്നാനം, നിഷിദ്ധമായ ആഹാരംപാനീയങ്ങൾ, യുദ്ധം, സന്ധി, സമാധാനം, സ്വഭാവ സംസ്കരണം തുടങ്ങി ചെറുതും വലുതുമായ ഒട്ടേറെ വിഷയങ്ങളിൽ വെളിച്ചം നൽകുന്ന ഖുർആൻ, ഇവരുടെ വിശ്വാസത്തിന്റെ ആധാരശിലയായ ഇമാമത്തിനെ സംബന്ധിച്ച് യാതൊന്നും പറയുന്നില്ല എന്നതുതന്നെ അത് അടിസ്ഥാനരഹിതമാണെന്ന് വ്യക്തമാക്കുന്നു.

ഇസ്‌ലാമിനോടുള്ള അറ്റം കാണാത്ത വിദ്വേഷം ഈ വിശ്വാസത്തിൽ ചേരുവയായി ഉൾപ്പെടുത്തിയതു തെളിഞ്ഞു കാണാം. അപഭ്രംശം സംഭവിച്ച എല്ലാ വിഭാഗത്തിന്റെയും സഹജമായ സ്വഭാവം തങ്ങൾ രൂപപ്പെടുത്തിയെടുത്ത ആശയത്തിലേക്ക് വിശുദ്ധ പ്രമാണങ്ങളെ വലിച്ചിഴച്ചു കൊണ്ടുപോകുകയെന്നതാണ്. തങ്ങളുടെ ഇമാമുകൾ പാപസുരക്ഷിതരാണെന്ന് സ്ഥാപിക്കാൻ ശിയാക്കൾ ക്രൂരമായി ദുർവ്യാഖ്യാനം ചെയ്യുന്ന ഖുർആൻ വചനമാണ് താഴെ കൊടുക്കുന്നത്:

"ഇബ്റാഹീമിനെ അദ്ദേഹത്തിന്റെ രക്ഷിതാവ് ചില കൽപനകൾ കൊണ്ട് പരീക്ഷിക്കുകയും, അദ്ദേഹമത് നിറവേറ്റുകയും ചെയ്ത കാര്യവും (നിങ്ങൾ അനുസ്മരിക്കുക). അല്ലാഹു (അപ്പോൾ) അദ്ദേഹത്തോട് പറഞ്ഞു: ഞാൻ നിന്നെ മനുഷ്യർക്ക് നേതാവാക്കുകയാണ്. ഇബ്റാഹീം പറഞ്ഞു: എന്റെ സന്തതികളിൽപ്പെട്ടവരെയും (നേതാക്കളാക്കണമേ). അല്ലാഹു പറഞ്ഞു: (ശരി; പക്ഷേ) എന്റെ ഈ നിശ്ചയം അതിക്രമകാരികൾക്ക് ബാധകമായിരിക്കുകയില്ല"(2:124).

അബദ്ധമോ മറവിയോ സംഭവിക്കാത്ത പാപസുരക്ഷിതരായ ഇമാമുകളെക്കുറിച്ച് ഈ ആയത്തിൽ പരാമർശിക്കുന്നുണ്ടെന്ന് പറയുന്നത് തനിച്ച വിവരക്കേടാണ്. ആയത്തിലുള്ള عَهْدِ (അഹ്ദ്) എന്ന പദത്തിന് സ്വന്തമായ വ്യാഖ്യാനം ചമയ്ക്കുകയാണ് ഇവർ ചെയ്യുന്നത്. പ്രസ്തുത പദത്തിന്റെ ഉദ്ദേശ്യം 'ഇമാമത്ത്' ആണെന്നാണ് ഇവരുടെ ദുർവ്യാഖ്യാനം. അക്രമികളല്ലാത്തവർ പാപസുരക്ഷിതരാവണമെന്ന് ആയ

ത്തിൽ നിന്ന് നിർദ്ധാരണം ചെയ്യാനുള്ള വിഫലശ്രമം നടത്തുകയും ചെയ്യുന്നു. عَهْدِي എന്ന പദത്തിന് ഇങ്ങനെയൊരു വിവരണം ഒരു മുഫസ്സിറും നൽകിയതായി കാണുകയില്ല.

ആയത്തിൽ ഇബ്റാഹീം നബി(അ)യെ ഇമാം ആക്കുമെന്നാണ് പറയുന്നത്. പ്രസ്തുത ഇമാമത്തും ശിയാക്കൾ പറയുന്ന ഇമാമത്തും തമ്മിൽ അജഗജാന്തരമുണ്ട്. ഇവർ ജൽപിക്കുന്ന ഇമാമത്തിന്റെ ഉദ്ദേശ്യം അല്ലാഹു പ്രത്യേകമായി തെരഞ്ഞെടുക്കുന്ന ഭരണാധികാരിയാണ്. ഇബ്രാഹിം നബി(അ) ഒരിക്കലും ഭരണാധികാരിയായിട്ടില്ല.

ഇമാമത്തും പ്രവാചകത്വവും പരസ്പര പൂരകമാണ്. അഥവാ പ്രവാകത്വത്തിന്റെ അനിവാര്യഗുണമാണ് ഇമാമത്ത്. അതിനാൽ ഇവിടെ പരാമർശിച്ച ഇമാമത്ത് നുബുവ്വത്തിൽനിന്ന് സ്വതന്ത്രമായ ഒരു പദവിയല്ല. ശിയാക്കൾ വിശ്വസിക്കുന്ന പന്ത്രണ്ട് ഇമാമുകളെ സംബന്ധിച്ച വിവരങ്ങൾ ക്വുർആനിലോ ഹദീസിലോ എത്ര പരതിയാലും കണ്ടെത്താൻ സാധ്യമല്ല. അമാവാസിയിൽ പൂർണചന്ദ്രനെ കണ്ടുവെന്നു പറയുന്നതിനെക്കാൾ ഭീമാബദ്ധമാണ് റാഫിളികൾ പറയുന്ന ഗുണഗണങ്ങൾ സമ്മേളിച്ച ഇമാമുകളെ പ്രമാണങ്ങൾ പരാമർശിക്കുന്നുവെന്ന പ്രസ്താവന. എന്റെ സന്തതികളിൽപ്പെട്ടവരെയും നേതാക്കളാക്കേണമേ എന്നതിന്റെ തേട്ടം ഇവർ പറയുന്ന ഇമാമത്തല്ല തന്നെ. തന്റെ സന്തതികളിൽ നിന്നും പ്രവാചകന്മാരെ നിയോഗിക്കാനുള്ള തേട്ടമാണത്. ഇത് വ്യക്തമാകാൻ വിശുദ്ധ ക്വുർആനിലെ ഇതു സംബന്ധമായ മറ്റൊരു വചനം കാണുക:

“അദ്ദേഹത്തിന് (പുത്രൻ) ഇസ്ഹാക്വിനെയും (പൗത്രൻ) യഅ്ക്വൂബിനെയും നാം പ്രദാനം ചെയ്യുകയുണ്ടായി. അദ്ദേഹത്തിന്റെ സന്തതിപരമ്പരയിൽ പ്രവാചകത്വവും വേദവും നാം നൽകുകയും ചെയ്തു. ഇഹലോകത്ത് അദ്ദേഹത്തിന് നാം പ്രതിഫലം നൽകിയിട്ടുണ്ട്. പരലോകത്ത് തീർച്ചയായും അദ്ദേഹം സജ്ജനങ്ങളുടെ കൂട്ടത്തിലായിരിക്കുകയും ചെയ്യും”(അൻകബൂത്ത് 27).

തങ്ങളുടെ ആചാര്യന്മാർ പാപസുരക്ഷിതരാണെന്നതിനുള്ള ‘അനിഷേധ്യരേഖയും’ അൽ ബക്വറയിലെ 124ാം വചനത്തിൽനിന്ന് സാഹസപ്പെട്ട് കണ്ടെത്താൻ ഇവർ ശ്രമം നടത്തുന്നുണ്ട്. ‘എന്റെ ഈ നിശ്ചയം (അഹ്ദ്) അതിക്രമകാരികൾക്ക് ബാധകമായിരിക്കുകയില്ല.’ ഇതിലെ عَهْدِي ന്റെ ഉദ്ദേശ്യം ഇമാമത്താണ്, അതാവട്ടെ അക്രമികൾക്ക് ലഭ്യമല്ലെന്ന് വന്നാൽ ഇമാമുകൾ പാപസുരക്ഷിതരാവണമെന്ന് സിദ്ധിച്ചല്ലോ എന്നാണ് കണ്ടെത്തൽ. അക്രമികൾ പശ്ചാത്തപിച്ച് മടങ്ങിയാലും ഇമാമെന്ന പദവിക്ക് യോഗ്യരാവില്ലെന്നതാണ് ഈ വിഷയത്തിൽ യാതൊരു നീക്കുപോക്കിനും തയ്യാറില്ലാത്ത ഇവരുടെ രൂഢമൂലമായ ആദർശം. അലി(റ)ക്ക് ലഭിക്കേണ്ട ഖിലാഫത്ത് തട്ടിയെടുക്കുകവഴി അബൂബക്കർ(റ), ഉമർ(റ) എന്നിവർ പാപികളായി മാറിയതിനാൽ അവരുടെ ഖിലാഫത്ത് തിരസ്കരിക്കേണ്ടതാണെന്ന ഉറച്ച നിലപാട് ഇവർ സ്വീകരിക്കുന്നു. ഭാഷയിൽ സാമാന്യ പരിജ്ഞാനമുള്ളവർക്ക് പോലും അറിയാവുന്ന കാര്യം അവഗണിച്ചുകൊണ്ടാണ് ഈ ‘ഗംഭീര’ കണ്ടെത്തൽ. അക്രമത്തിന്റെ (ദ്വുൽമ്) വിപരീതം ‘പാപസുരക്ഷ’ എന്നതല്ല (ഇസ്മത്ത്) ‘നീതി’ എന്നാണ് (അദ്ൽ). വിലക്കപ്പെട്ട കനി ഭക്ഷിച്ച ആദം നബി(അ)യും കിബ്തിയെ അബദ്ധത്തിൽ വധിച്ച മൂസാനബി(അ)യും കാഴ്ചപരിമിതിയുള്ള അനുചരനിൽനിന്ന് ഒരു പ്രത്യേക ഘട്ടത്തിൽ തി

തന്നിഷ്ടങ്ങൾക്കനുസരിച്ച് വിശുദ്ധ പ്രമാണങ്ങളെ വ്യാഖ്യാനിക്കുന്നവർ സ്വയം നാശത്തിന്റെ വഴിവെട്ടുകയാണ് ചെയ്യുന്നത്. ആരൊക്കെ എത്ര ദുർവ്യാഖ്യാനിച്ചാലും ഊതിക്കെടുത്താൻ ശ്രമിക്കുംതോറും കൂടുതൽ പ്രകാശം പരത്തുന്ന ഒരു വിസ്മയ വിളക്കായി ക്വുർആൻ നിലകൊള്ളും.

രഞ്ഞുകളഞ്ഞ മുഹമ്മദ് നബി(സ്വ)യും ഇമാമത്ത് സ്ഥാനം വഹിക്കാൻ അയോഗ്യരാണോ? മുസ്‌ലിംകൾ അവിതർക്കിതമായിഅംഗീകരിക്കുന്ന കാര്യമാണ് പ്രവാചകന്മാർ മുഴുവൻ പാപം തീണ്ടാത്ത മഹാപുരുഷന്മാരാണെന്നത്. മറ്റുള്ള വ്യക്തികൾ എത്ര ഉന്നതരാണെങ്കിലും പാപസുരക്ഷിതത്വത്തിന്റെ വിതാനത്തിലേക്ക് ഉയരുകയോ വളരുകയോ ചെയ്യില്ല.

തങ്ങളുടെ ആചാര്യന്മാർ പാപസുരക്ഷിതരാണെന്ന് വിശ്വസിക്കാത്തതിനാൽ പരകോടി മുസ് ലിംകളിൽ ഇവർ അവിശ്വാസത്തിന്റെ ചാപ്പകുത്തുന്നു. പ്രവാചകാനുചരന്മാരിലും കുഫ്റിന്റെ മുദ്ര ചാർത്താൻ ഇവർ മറന്നിട്ടില്ല. അല്ലാഹുവിന്റെ പ്രശംസയും തൃപ്തിയും സിദ്ധിച്ചവരാണ് സ്വഹാബിമാർ. ഇക്കാര്യം വിശുദ്ധ ഖുർആനിലൂടെ അല്ലാഹു പരസ്യം ചെയ്ത (9:100)കാര്യം ഇവർ കണ്ടിട്ടില്ലെന്നു നടിക്കുന്നു.

തങ്ങളുടെ വികലമായ ആശയം സ്ഥാപിക്കാൻ സൂറഃ അൽഅഹ്സാബിലെ 33ാം വചനത്തെയും ഇവർ ദുർവ്യാഖ്യാനത്തിന് വിധേയമാക്കുന്നു. പ്രസ്തുത വചനത്തിന്റെ അർഥം ഇതാണ്:

“നിങ്ങൾ നിങ്ങളുടെ വീടുകളിൽ അടങ്ങിക്കഴിയുകയും ചെയ്യുക. പഴയ അജ്ഞാനകാലത്തെ സൗന്ദര്യപ്രകടനം പോലുള്ള സൗന്ദര്യപ്രകടനം നിങ്ങൾ നടത്തരുത്. നിങ്ങൾ നമസ്കാരം മുറപോലെ നിർവഹിക്കുകയും സകാത്ത് നൽകുകയും അല്ലാഹുവെയും അവന്റെ ദൂതനെയും അനുസരിക്കുകയും ചെയ്യുക. (പ്രവാചകന്റെ) വീട്ടുകാരേ! നിങ്ങളിൽനിന്ന് മാലിന്യം നീക്കികളയുവാനും നിങ്ങളെ ശരിയായി ശുദ്ധീകരിക്കുവാനും മാത്രമാണ് അല്ലാഹു ഉദ്ദേശിക്കുന്നത്.”

രണ്ട് കാര്യം സമർഥിക്കാൻ ഈ ആയത്തിനെ ശിയാക്കൾ ദുർവ്യാഖ്യാനിക്കുന്നു.ഇതിൽ പറഞ്ഞ ശുദ്ധീകരണത്തിന്റെ ഉദ്ദേശ്യം പാപസുരക്ഷിതത്വമാണ് എന്നതാണ് അതിലൊന്ന്. വീട്ടുകാർ എന്നതിന്റെ പരിധിയിൽഅലി, ഫാത്വിമ, ഹസൻ, ഹുസൈൻ എന്നിവരും ഇവരുടെ സന്താന പരമ്പരയിൽ വരുന്ന നിശ്ചിത ആളുകളും മാത്രമാണ് ഉൾപ്പെടുക എന്നതാണ് രണ്ടാമത്തേത്.

ആയത്തിന്റെ മുമ്പും ശേഷവുമുള്ള വചനങ്ങൾ പരിശോധിച്ചാൽ തന്നെ ഈ വ്യാഖ്യാനത്തിന്റെ നിരർഥകത ബോധ്യപ്പെടും. ആയത്തിൽ പരാമർശിക്കുന്നത് നബിപത്നിമാരെയാണ്. അതിനാൽ അവർ തീർച്ചയായും ആയത്തിന്റെ പരിധിയിൽ ഉൾപ്പെടുമെന്ന് അസന്ദിഗ്ധമായി പറയാം.ഖുർആനിൽ أَهْل (അഹ്ൽ) എന്ന പദം ഭാര്യയെ ഉദ്ദേശിച്ച് പ്രയോഗിച്ചിട്ടുള്ളതായി കാണാം.(ഉദാ: 12:25, 11: 73).

ശുദ്ധീകരണമെന്നതിന് പാപസുരക്ഷിതത്വമെന്ന വ്യാഖ്യാനം നൽകിയാൽ പാപസുരക്ഷിതരുടെ ലിസ്റ്റ് അനന്തമായി നീണ്ടുപോകും. കാരണം ശുദ്ധീകരണമെന്ന പദം പാപസുരക്ഷതരല്ലെന്ന് എല്ലാവരും സമ്മതിക്കുന്നവരെ സംബന്ധിച്ചും ഖുർആൻ പ്രയോഗിച്ചിരിക്കുന്നു

“...നിങ്ങൾക്ക് ഒരു ബുദ്ധിമുട്ടും വരുത്തിവെക്കണമെന്ന് അല്ലാഹു ഉദ്ദേശിക്കുന്നില്ല. എന്നാൽ നിങ്ങളെ ശുദ്ധീകരിക്കണമെന്നും തന്റെ അനുഗ്രഹം നിങ്ങൾക്ക് പൂർത്തിയാക്കിത്തരണമെന്നും അവൻ ഉദ്ദേശിക്കുന്നു. നിങ്ങൾ നന്ദിയുള്ളവരായേക്കാം”(5:6). ശുദ്ധീകരണത്തിന്റെ ഉദ്ദേശ്യം പാപ സുരക്ഷിതത്വമാണെങ്കിൽ സർവ മുസ്‌ലികളും യാതൊരു തെറ്റും കുറ്റവും അബദ്ധവും സംഭവിക്കാത്ത പാപസുരക്ഷിതരാണെന്നു പറയേണ്ടിവരും.

ഇമാമുമാരുടെ അപ്രമാദിത്വത്തിന്ന് തെളിവായി ഉദ്ധരിക്കുന്ന സുറ:അഹ്സാബിലെ ഉപരിസൂചിത വചനം നബിപത്നിമാരെ സംബന്ധിച്ചാണെന്ന് വ്യക്തം. നബി(സ്വ)യെയും അദ്ദേഹത്തിന്റെ ഇണകളെ സംബന്ധിച്ചുമല്ലാതെ ഇമാമുമാരുടെ പാപരഹിത ജീവിതത്തെ സംബന്ധിച്ച് ഈ സൂറത്തിൽ പരാമർശിക്കുന്നില്ല.

തന്നിഷ്ടങ്ങൾക്കനുസരിച്ച് വിശുദ്ധ പ്രമാണങ്ങളെ വ്യാഖ്യാനിക്കുന്നവർ സ്വയം നാശത്തിന്റെ വഴിവെട്ടുകയാണ് ചെയ്യുന്നത്. ആരൊക്കെ എത്ര ദുർവ്യാഖ്യാനിച്ചാലും ഊതിക്കെടുത്താൻ ശ്രമിക്കുംതോറും കൂടുതൽ പ്രകാശം പരത്തുന്ന ഒരു വിസ്മയവിളക്കായി ഖുർആൻ നിലകൊള്ളും. ■





മുനവ്വർ ഫൈറൂസ്

# വിജയത്തിലേക്ക് നയിക്കുന്ന ചില ഗുണങ്ങൾ

വിശുദ്ധ കുർആൻ പഠിപ്പിക്കുന്ന, വിജയികൾക്കുണ്ടാകേണ്ട 31 ഗുണങ്ങളാണ് ഈ ലേഖനത്തിൽ പരാമർശിക്കുന്നത്.

നരക മോചനവും സ്വർഗ പ്രവേശവുമാണ് യഥാർഥ വിജയം

"ഏതൊരു ദേഹവും മരണം ആസ്വദിക്കുന്നതാണ്. നിങ്ങളുടെ പ്രതിഫലങ്ങൾ ഉയിർത്തെഴുന്നേൽപിന്റെ നാളിൽ മാത്രമെ നിങ്ങൾക്ക് പൂർണമായി നൽകപ്പെടുകയുള്ളൂ. അപ്പോൾ ആർ നരകത്തിൽനിന്ന് അകറ്റിനിർത്തപ്പെടുകയും സ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെടുകയും ചെയ്യുന്നുവോ അവനാണ് വിജയം നേടുന്നത്. ഐഹികജീവിതം കബളിപ്പിക്കുന്ന ഒരു വിഭവമല്ലാതെ മറ്റൊന്നുമല്ല" (കുർആൻ 3:185).

“പറയുക: ദുഷിച്ചതും നല്ലതും സമമാകുകയില്ല. ദുഷിച്ചതിന്റെ വർധനവ് നിന്നെ അത്ഭുതപ്പെടുത്തിയാലും ശരി. അതിനാൽ ബുദ്ധിമാൻമാരേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. നിങ്ങൾ വിജയം പ്രാപിച്ചേക്കാം”(5:100).

“നരകാവകാശികളും സ്വർഗാവകാശികളും സമമാകുകയില്ല. സ്വർഗാവകാശികൾ തന്നെയാകുന്നു വിജയം നേടിയവർ”(ക്വുർആൻ 59:20).

1. മറഞ്ഞ കാര്യങ്ങളിൽ വിശ്വസിക്കൽ.

2. നമസ്കാരം മുറപ്രകാരം നിർവഹിക്കൽ.

3. സകാത്ത് നൽകൽ.

4. വിശുദ്ധ ക്വുർആനിലും മുൻ വേദഗ്രന്ഥങ്ങളിലും വിശ്വസിക്കൽ.

5. പരലോകത്തിൽ ദൃഢമായി വിശ്വസിക്കൽ.

“അദൃശ്യകാര്യങ്ങളിൽ വിശ്വസിക്കുകയും, പ്രാർഥന അഥവാ നമസ്കാരം മുറപ്രകാരം നിർവഹിക്കുകയും, നാം നൽകിയ സമ്പത്തിൽനിന്ന് ചെലവഴിക്കുകയും, നിനക്കും നിന്റെ മുൻഗാമികൾക്കും നൽകപ്പെട്ട സന്ദേശത്തിൽ വിശ്വസിക്കുകയും, പരലോകത്തിൽ ദൃഢമായി വിശ്വസിക്കുകയും ചെയ്യുന്നവരത്രെ അവർ (സൂക്ഷ്മത പാലിക്കുന്നവർ). അവരുടെ നാഥൻ കാണിച്ച നേർവഴിയിലാകുന്നു അവർ. അവർതന്നെയാകുന്നു സാക്ഷാൽ വിജയികൾ” (ക്വുർആൻ 2:3-5).

“നമസ്കാരം മുറപ്രകാരം നിർവഹിക്കുകയും സകാത്ത് നൽകുകയും പരലോകത്തിൽ ദൃഢവിശ്വാസമുള്ളവരായിരിക്കുകയും ചെയ്യുന്നവർക്ക്. തങ്ങളുടെ രക്ഷിതാവിങ്കൽനിന്നുള്ള മാർഗദർശനമനുസരിച്ച് നിലകൊള്ളുന്നവരത്രെ അവർ. അവർതന്നെയാണ് വിജയികൾ”(ക്വുർആൻ 31:4, 5).

6. നന്മയിലേക്ക് ക്ഷണിക്കൽ.

7. സദാചാരം കൽപിക്കൽ.

8. ദുരാചാരം വിലക്കൽ.

“നന്മയിലേക്ക് ക്ഷണിക്കുകയും സദാചാരം കൽപിക്കുകയും ദുരാചാരത്തിൽനിന്ന് വിലക്കുകയും ചെയ്യുന്ന ഒരു സമുദായം നിങ്ങളിൽനിന്ന് ഉണ്ടായിരിക്കട്ടെ. അവരത്രെ വിജയികൾ” (ക്വുർആൻ 3:104).

9. അല്ലാഹുവിനെ സൂക്ഷിച്ച് ജീവിക്കൽ.

“സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും അവനിലേക്ക് അടുക്കുവാനുള്ള മാർഗം തേടുകയും അവന്റെ മാർഗത്തിൽ സമരത്തിൽ ഏർപ്പെടുകയും ചെയ്യുക. നിങ്ങൾക്ക് (അതുവഴി) വിജയം പ്രാപിക്കാം” (ക്വുർആൻ 5:35).

“...അല്ലാഹുവെ സൂക്ഷിക്കുകയും ചെയ്യുക. നിങ്ങൾ വിജയികളായേക്കാം” (2:189, 3:130, 3:200).

“പറയുക: ദുഷിച്ചതും നല്ലതും സമമാകുകയില്ല. ദുഷിച്ചതിന്റെ വർധനവ് നിന്നെ അത്ഭുതപ്പെടുത്തിയാലും ശരി. അതിനാൽ ബുദ്ധിമാൻമാരേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. നിങ്ങൾ വിജയം പ്രാപിച്ചേക്കാം”(5:100).

10. സമ്പത്തുകൊണ്ടും ശരീരംകൊണ്ടും അല്ലാഹുവിന്റെ മാർഗത്തിൽ ധർമ സമരം ചെയ്യൽ.

“പക്ഷേ, റസൂലും അദ്ദേഹത്തോടൊപ്പം വിശ്വസിച്ചവരും തങ്ങളുടെ സ്വത്തുക്കൾ കൊണ്ടും ശരീരങ്ങൾ കൊണ്ടും സമരം ചെയ്തു. അവർക്കാണ് നൻമകളുള്ളത്. അവർതന്നെയാണ് വിജയം പ്രാപിച്ചവർ” (9:88).

11. മുഹമ്മദ് നബി(സ്വ)യിൽ വിശ്വസിക്കുകയും അദ്ദേഹത്തെ പിന്തുണക്കുകയും സഹായിക്കുകയും അദ്ദേഹത്തോടൊപ്പം അവതരിക്കപ്പെട്ട വിശുദ്ധ ക്വുർആനാകുന്ന പ്രകാശത്തെ പിൻപറ്റുകയും ചെയ്യൽ.

“അപ്പോൾ അദ്ദേഹത്തിൽ

വിശ്വസിക്കുകയും അദ്ദേഹത്തെ പിന്തുണക്കുകയും സഹായിക്കുകയും അദ്ദേഹത്തോടൊപ്പം അവതരിപ്പിക്കപ്പെട്ടിട്ടുള്ള ആ പ്രകാശത്തെ പിൻപറ്റുകയും ചെയ്തവരാരോ, അവർ തന്നെയാണ് വിജയികൾ" (7:157).

12. പരലോകത്ത് മീസാനിൽ (തുലാസിൽ) നന്മകളുടെ തട്ട് ഘനം തൂങ്ങൽ.

"അന്നത്തെ ദിവസം (കർമങ്ങൾ) തൂക്കിക്കണക്കാക്കുന്നത് സത്യമായിരിക്കും. അപ്പോൾ ആരുടെ തുലാസുകൾ കനം തൂങ്ങിയോ അവരാണ് വിജയികൾ" (7:8).

"അപ്പോൾ ആരുടെ (സൽകർമങ്ങളുടെ) തൂക്കങ്ങൾ കനമുള്ളതായോ അവർതന്നെയാണ് വിജയികൾ" (23:102).

13. അല്ലാഹുവിന്റെയും റസൂലി(സ്വ)ന്റെയും കൽപനകൾ കേട്ടനുസരിക്കൽ.

"തങ്ങൾക്കിടയിൽ (റസൂൽ) തീർപ്പു കൽപിക്കുന്നതിനായി അല്ലാഹുവിലേക്കും റസൂലിലേക്കും വിളിക്കപ്പെട്ടാൽ സത്യവിശ്വാസികളുടെ വാക്ക്, ഞങ്ങൾ കേൾക്കുകയും അനുസരിക്കുകയും ചെയ്തിരിക്കുന്നു എന്ന് പറയുക മാത്രമായിരിക്കും. അവർ തന്നെയാണ് വിജയികൾ"(24:41).

"അല്ലാഹുവെയും അവന്റെ ദൂതനെയും ആർ അനുസരിക്കുന്നുവോ അവൻ മഹത്തായ വിജയം നേടിയിരിക്കുന്നു" (33:71).

14. അല്ലാഹുവിനെ ഭയപ്പെടൽ.

"അല്ലാഹുവെയും റസൂലിനെയും അനുസരിക്കുകയും അല്ലാഹുവെ ഭയപ്പെടുകയും അവനോട് സൂക്ഷ്മത പുലർത്തുകയും ചെയ്യുന്നവരാരോ അവർ തന്നെയാണ് വിജയം നേടിയവർ" (24:52).

"...തങ്ങൾക്ക് ദാരിദ്ര്യമുണ്ടായാൽ പോലും സ്വദേഹങ്ങളെക്കാൾ മറ്റുള്ളവർക്ക് അവർ പ്രാധാന്യം നൽകുകയും ചെയ്യും. ഏതൊരാൾ തന്റെ മനസ്സിന്റെ പിശുക്കിൽനിന്ന് കാത്തുരക്ഷിക്കപ്പെടുന്നുവോ അത്തരക്കാർ തന്നെയാകുന്നു വിജയം പ്രാപിച്ചവർ" (59:9).

15. അല്ലാഹുവിന്റെ പ്രീതിക്കുവേണ്ടി അടുത്ത ബന്ധുക്കൾക്കും അഗതികൾക്കും വഴിപോക്കർക്കും വേണ്ടി സമ്പത്ത് ചെലവഴിക്കൽ.

"ആകയാൽ കുടുംബബന്ധമുള്ളവന് നീ അവന്റെ അവകാശം കൊടുക്കുക. അഗതിക്കും വഴിപോക്കനും (അവരുടെ അവകാശവും നൽകുക). അല്ലാഹുവിന്റെ പ്രീതി ലക്ഷ്യമാക്കുന്നവർക്ക് അതാണുത്തമം. അവർ തന്നെയാണ് വിജയികളും"(30:38).

16. അല്ലാഹുവിന്റെയും റസൂലിന്റെയും ശത്രുക്കളോട് ആത്മ ബന്ധം പുലർത്താതിരിക്കൽ.

"അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്ന ഒരു ജനത അല്ലാഹുവോടും അവന്റെ റസൂലിനോടും എതിർത്തു നിൽക്കുന്നവരുമായി സ്നേഹബന്ധം പുലർത്തുന്നത് നീ കണ്ടെത്തുകയില്ല. അവർ (എതിർപ്പുകാർ) അവരുടെ പിതാക്കളോ പുത്രൻമാരോ സഹോദരൻമാരോ ബന്ധുക്കളോ ആയിരുന്നാൽ പോലും. അത്തരക്കാരുടെ ഹൃദയങ്ങളിൽ അല്ലാഹു വിശ്വാസം രേഖപ്പെടുത്തുകയും അവന്റെ പക്കൽ നിന്നുള്ള ഒരു ആത്മചൈതന്യം കൊണ്ട് അവൻ അവർക്ക് പിൻബലം നൽകുകയും ചെയ്തിരിക്കുന്നു. താഴ്ഭാഗത്തുകൂടി അരുവികൾ ഒഴുകുന്ന സ്വർഗത്തോപ്പുകളിൽ അവൻ അവരെ പ്രവേശിപ്പിക്കുകയും ചെയ്യും. അവരതിൽ നിത്യവാസികളായിരിക്കും. അല്ലാഹു അവരെ പറ്റി തൃപ്തിപ്പെട്ടിരിക്കുന്നു. അവർ അവനെ പറ്റിയും തൃപ്തിപ്പെട്ടിരിക്കുന്നു. അത്തരക്കാരാകുന്നു അല്ലാഹുവിന്റെ കക്ഷി. അറിയുക: തീർച്ചയായും അല്ലാഹുവിന്റെ കക്ഷിയാകുന്നു വിജയം പ്രാപിക്കുന്നവർ" (58:22).

17. പിശുക്കിൽനിന്ന് മുക്തരാവൽ.

"...തങ്ങൾക്ക് ദാരിദ്ര്യമുണ്ടായാൽ പോലും സ്വദേഹങ്ങളെക്കാൾ മറ്റുള്ളവർക്ക് അവർ പ്രാധാന്യം

നൽകുകയും ചെയ്യും. ഏതൊരാൾ തന്റെ മനസ്സിന്റെ പിശുക്കിൽ നിന്ന് കാത്തുരക്ഷിക്കപ്പെടുന്നുവോ അത്തരക്കാർ തന്നെയാകുന്നു വിജയം പ്രാപിച്ചവർ" (59:9).

"അതിനാൽ നിങ്ങൾക്ക് സാധ്യമായവിധം അല്ലാഹുവെ നിങ്ങൾ സൂക്ഷിക്കുക. നിങ്ങൾ കേൾക്കുകയും അനുസരിക്കുകയും നിങ്ങൾക്കു തന്നെ ഗുണകരമായ നിലയിൽ ചെലവഴിക്കുകയും ചെയ്യുക. ആർ മനസ്സിന്റെ പിശുക്കിൽനിന്ന് കാത്തുരക്ഷിക്കപ്പെടുന്നുവോ അവർ തന്നെയാകുന്നു വിജയം പ്രാപിച്ചവർ" (64:16).

18. നമസ്ക്കാരത്തിൽ ഭയഭക്തിയുണ്ടാകൽ.

19. അനാവശ്യ കാര്യങ്ങളിൽനിന്നും വിട്ടുനിൽക്കൽ.

20. രഹസ്യാവയവം കാത്തുസൂക്ഷിക്കൽ.

21. കരാറുകളും അനാമത്തുകളും പാലിക്കൽ.

22. നമസ്കാരം കൃത്യമായി അനുഷ്ഠിച്ചുപോരൽ

"സത്യവിശ്വാസികൾ വിജയം പ്രാപിച്ചിരിക്കുന്നു. തങ്ങളുടെ നമസ്കാരത്തിൽ ഭക്തിയുള്ളവരായ,അനാവശ്യകാര്യത്തിൽനിന്ന് തിരിഞ്ഞുകളയുന്നവരുമായ, സകാത്ത് നിർവഹിക്കുന്നവരുമായ. തങ്ങളുടെ ഗുഹ്യാവയവങ്ങളെ കാത്തുസൂക്ഷിക്കുന്നവരുമത്രെ അവർ" (23:1-5).

"തങ്ങളുടെ അമാനത്തുകളും കരാറുകളും പാലിക്കുന്നവരും തങ്ങളുടെ നമസ്കാരങ്ങൾ കൃത്യമായി അനുഷ്ഠിച്ചു പോരുന്നവരുമത്രെ (ആ വിശ്വാസികൾ). അവർ തന്നെയാകുന്നു അനന്തരാവകാശികൾ. അതായത് ഉന്നതമായ സ്വർഗം അനന്തരാവകാശമായി നേടുന്നവർ. അവരതിൽ നിത്യവാസികളായിരിക്കും" (23:8-11).

23. അല്ലാഹുവിനെ ധാരാളമായി സ്മരിക്കൽ.

"അല്ലാഹുവെ അധികമായി ഓർമിക്കുകയും ചെയ്യുക; നിങ്ങൾ വിജയം പ്രാപിച്ചേക്കാം"(8:45, 62:10).

24. അല്ലാഹുവിന്റെ അനുഗ്രങ്ങൾ ഓർക്കൽ.

"അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ നിങ്ങൾ ഓർമിക്കുക; നിങ്ങൾക്ക് വിജയം പ്രാപിക്കാം" (7:69).

25. നന്മ ചെയ്യൽ.

"സത്യവിശ്വാസികളേ, നിങ്ങൾ കുമ്പിടുകയും സാഷ്ടാംഗം ചെയ്യുകയും നിങ്ങളുടെ രക്ഷിതാവിനെ ആരാധിക്കുകയും നന്മ പ്രവർത്തിക്കുകയും ചെയ്യുക. നിങ്ങൾ വിജയം പ്രാപിച്ചേക്കാം"(22:77).

26. അല്ലാഹുവിലേക്ക് പശ്ചാത്തപിച്ചുമടങ്ങൽ.

"സത്യവിശ്വാസികളേ, നിങ്ങളെല്ലാവരും അല്ലാഹുവിങ്കലേക്ക് ഖേദിച്ചുമടങ്ങുക. നിങ്ങൾ വിജയം പ്രാപിച്ചേക്കാം"(24:31)

27. ക്ഷമിക്കൽ.

"സത്യവിശ്വാസികളേ, നിങ്ങൾ ക്ഷമിക്കുകയും ക്ഷമയിൽ മികവ് കാണിക്കുകയും പ്രതിരോധ സന്നദ്ധരായിരിക്കുകയും ചെയ്യുക. നിങ്ങൾ അല്ലാഹുവെ സൂക്ഷിച്ച് ജീവിക്കുക. നിങ്ങൾ വിജയം പ്രാപിച്ചേക്കാം" (3:200).

28. ആത്മാവിനെ വിശുദ്ധമാക്കൽ.

"തീർച്ചയായും അതിനെ (മനസ്സിനെ) പരിശുദ്ധമാക്കിയവൻ വിജയം കൈവരിച്ചു"(91:9).

"തീർച്ചയായും പരിശുദ്ധി നേടിയവൻ വിജയം പ്രാപിച്ചു" (87:14).

29. പ്രതിരോധ സന്നദ്ധരാകലും ശത്രു സംഘത്തെ കണ്ടുമുട്ടിയാൽ പതറാതെ ഉറച്ചുനിൽക്കലും.

"സത്യവിശ്വാസികളേ, നിങ്ങൾ ക്ഷമിക്കുകയും ക്ഷമയിൽ മികവ് കാണിക്കുകയും പ്രതിരോധ സന്നദ്ധരായിരിക്കുകയും ചെയ്യുക. നിങ്ങൾ അല്ലാഹുവെ സൂക്ഷിച്ച് ജീവിക്കുക. നിങ്ങൾ വിജയം പ്രാപിച്ചേക്കാം" (3:200)

"സത്യവിശ്വാസികളേ, നിങ്ങൾ ഒരു (സൈന്യ) സംഘത്തെ കണ്ടുമുട്ടിയാൽ ഉറച്ചു നിൽക്കുകയും അല്ലാഹുവെ അധികമായി ഓർമിക്കുകയും ചെയ്യുക. നിങ്ങൾ വിജയം പ്രാപിച്ചേക്കാം. 8:45)

30. പലിശ മുതൽ തിന്നാതിരിക്കൽ.

"സത്യവിശ്വാസികളേ, നിങ്ങൾ ഇരട്ടിയിരട്ടിയായി പലിശ തിന്നാതിരിക്കുകയും അല്ലാഹുവെ സൂക്ഷിക്കുകയും ചെയ്യുക. നിങ്ങൾ വിജയികളായേക്കാം" (3:130).

31. മദ്യവും ചൂതാട്ടവും പ്രതിഷ്ഠകളും പ്രശ്നം വെച്ച് നോക്കാനുള്ള അമ്പുകളും ഉപേക്ഷിക്കൽ.

"സത്യവിശ്വാസികളേ, മദ്യവും ചൂതാട്ടവും പ്രതിഷ്ഠകളും പ്രശ്നം വെച്ച് നോക്കാനുള്ള അമ്പുകളും പൈശാചികമായ മ്ലേച്ഛവൃത്തി മാത്രമാകുന്നു. അതിനാൽ നിങ്ങൾ അതൊക്കെ വർജിക്കുക. നിങ്ങൾക്ക് വിജയം പ്രാപിക്കാം" (5:90). ■

അബ്ദുൽ മാലിക് സലഫി
: 96565 30656




# തുള്ളൽകൊണ്ട് ലഹരിയുടെ തള്ളൽ നിൽക്കുമോ?

സുംബാ ഡാൻസ് വിവാദമായിരിക്കുന്നു! പൊതുവിദ്യാലയങ്ങൾ പരീക്ഷണ ശാലകളല്ല. ഒരു വിഭാഗത്തിന്റെ ആശയങ്ങളെ വിരിയിപ്പിച്ചെടുക്കുന്ന ഫാമുകളുമല്ല. വൈവിധ്യങ്ങളുടെ പൂന്തോപ്പാണ് വിദ്യാലയങ്ങൾ! വിദ്യാലയങ്ങളിൽ പരിഷ്കാരങ്ങൾ നടപ്പാക്കുന്നത് സാമൂഹിക സംവാദങ്ങൾക്ക് ശേഷമാവണം. ഒരു ചർച്ചയും ഈ വിഷയത്തിൽ നടന്നതായി അറിയില്ല. മതിൽ ചാടിക്കടന്ന് വല്ലതും ഒളിച്ചുകടത്തേണ്ട ഇടങ്ങളല്ല പള്ളിക്കൂടങ്ങൾ. അത് വിവാദങ്ങൾക്ക് മരുന്നിടലാണ്. വിദ്യാഭ്യാസത്തെ ഇത്തരം അഭ്യാസങ്ങൾകൊണ്ട് ആഭാസത്തിലാക്കാതിരിക്കാൻ ഭരണകൂടം ശ്രദ്ധിക്കേണ്ടതുണ്ട്.

സൂംബയോടുള്ള എതിർപ്പ് മതപരം കൂടിയാണ്. കേരളത്തിലെ വിദ്യാർഥികളിൽ മഹാഭൂരിപക്ഷ വും മതവിശ്വാസികളാണ്. മതമില്ലാത്തവർക്ക് മതിലുകൾ ഉണ്ടാവില്ല. മതത്തിന് അതിരുണ്ട്, മതിലുണ്ട്. അവ തകർക്കാൻ ആഗ്രഹിച്ചുള്ളതെന്തും എതിർക്കപ്പെടും; സംശയമില്ല. മതരഹിത സമൂഹസൃഷ്ടിക്കുവേണ്ട വിത്തിറക്കൽ കുറച്ച് കാലമായി തകൃതിയായി നടക്കുന്നുണ്ട്. അതിനെ വൈജ്ഞാനികവും ബൗദ്ധികവുമായി നേരിടുന്നവരാണ് വിസ്ഡം പ്രവർത്തകർ. ഈ എതിർപ്പിനെ നേരിടാൻ ത്രാണിയില്ലാതെ വരുമ്പോൾ 'തീവ്രവാദി' ചാപ്പ കുത്തി തോൽപിക്കാൻ ശ്രമിക്കുന്നത് വ്യാമോഹം മാത്രമാണ്. 'ഇവർ ഏതു കാലത്താണ് ജീവിക്കുന്നത്' എന്നാണ് ചാനലുകളിലെ ചിലർ ചോദിക്കുന്നത്! നമുക്കും ചോദിക്കാനുള്ളത് ആ ചോദ്യം തന്നെയാണ്. പടിഞ്ഞാറിലെ പരീക്ഷണ വേസ്റ്റുകളെല്ലാം കേരളത്തിലേക്ക് തട്ടണമെന്ന് പറയുന്ന ഇവരൊക്കെ ഏതു ലോകത്താണ് ജീവിക്കുന്നത്? പടിഞ്ഞാറിനെന്താണ് പറ്റിയതെന്ന് പഠിക്കാനുള്ള സമയം, ചാനലുകളിലെ 'സുംബാ വ്യായാമ'ത്തിനിടക്ക് ഇവർ കണ്ടെത്തണം. പടിഞ്ഞാറിന്റെ പഴഞ്ചൻ കീറത്തുണികൾ എടുത്തണിയേണ്ട ഗതികേട് മതവിശ്വാസികൾക്കില്ല. ലഹരി വിതരണക്കാർക്കെതിരെ നിഷ്കപടമായി നടപടിയെടുത്താൽ ഒരു പരിധിവരെ ലഹരി തീരും! ബോധവൽക്കരണം ശക്തമാക്കുകയും ചെയ്യുക. തുള്ളൽകൊണ്ട് ലഹരിയുടെ തള്ളൽ നിൽക്കില്ല; അത് വെറും തള്ള് മാത്രം!

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

# സൂറതു റൂം

(മക്കയിൽ അവതരിച്ചത്)

അധ്യായം 30

بَلِ اتَّبَعَ الَّذِينَ ظَلَمُوا أَهْوَاءَهُم بِغَيْرِ عِلْمٍ ۖ فَمَن يَهْدِي مَنْ أَضَلَّ اللَّهُ ۖ وَمَا لَهُم مِّن نَّاصِرِينَ ﴿٢٩﴾

29. പക്ഷേ, അക്രമം പ്രവർത്തിച്ചവർ യാതൊരു അറിവുമില്ലാതെ തങ്ങളുടെ തന്നിഷ്ടങ്ങളെ പിൻപറ്റിയിരിക്കുകയാണ്. അപ്പോൾ അല്ലാഹു വഴിതെറ്റിച്ചവരെ ആരാണ് സൻമാർഗത്തിലാക്കുക? അവർക്ക് സഹായികളായി ആരുമില്ല.

فَأَقِمْ وَجْهَكَ لِلدِّينِ حَنِيفًا ۚ فِطْرَتَ اللَّهِ الَّتِي فَطَرَ النَّاسَ عَلَيْهَا ۚ لَا تَبْدِيلَ لِخَلْقِ اللَّهِ ۚ ذَٰلِكَ الدِّينُ الْقَيِّمُ وَلَٰكِنَّ أَكْثَرَ النَّاسِ لَا يَعْلَمُونَ ﴿٣٠﴾

30. ആകയാൽ (സത്യത്തിൽ) നേരെ നിലകൊള്ളുന്നവനായിട്ട് നിന്റെ മുഖത്തെ നീ മതത്തിലേക്ക് തിരിച്ച് നിർത്തുക. അല്ലാഹു മനുഷ്യരെ ഏതൊരു പ്രകൃതിയിൽ സൃഷ്ടിച്ചിരിക്കുന്നുവോ ആ പ്രകൃതിയത്രെ അത്. അല്ലാഹുവിന്റെ സൃഷ്ടിവ്യവസ്ഥയ്ക്ക് യാതൊരു മാറ്റവുമില്ല. അതത്രെ വക്രതയില്ലാത്ത മതം. പക്ഷേ, മനുഷ്യരിൽ അധികപേരും മനസ്സിലാക്കുന്നില്ല.

۞ مُنِيبِينَ إِلَيْهِ وَاتَّقُوهُ وَأَقِيمُوا الصَّلَاةَ وَلَا تَكُونُوا مِنَ الْمُشْرِكِينَ ﴿٣١﴾

31. (നിങ്ങൾ) അവങ്കലേക്ക് തിരിഞ്ഞവരായിരിക്കുകയും അവനെ സൂക്ഷിക്കുകയും നമസ്കാരം മുറപോലെ നിർവഹിക്കുകയും ചെയ്യുക. നിങ്ങൾ ബഹുദൈവാരാധകരുടെ കൂട്ടത്തിലായിപ്പോകരുത്.

مِنَ الَّذِينَ فَرَّقُوا دِينَهُمْ وَكَانُوا شِيَعًا ۖ كُلُّ حِزْبٍ بِمَا لَدَيْهِمْ فَرِحُونَ ﴿٣٢﴾

32. അതായത്, തങ്ങളുടെ മതത്തെ ഛിന്നഭിന്നമാക്കുകയും പലകക്ഷികളായി തിരിയുകയും ചെയ്തവരുടെ കൂട്ടത്തിൽ. ഓരോ കക്ഷിയും തങ്ങളുടെ പക്കലുള്ളതിൽ സന്തോഷമടയുന്നവരത്രെ.

29) ഈ ഉദാഹരണത്തിൽ നിന്നും; അല്ലാഹുവിൽ പങ്കുകാരെ സ്വീകരിക്കുന്ന ഒരാൾക്ക്, അവനിലല്ലാതെ ഭരമേൽപിക്കുകയും ആരാധിക്കുകയും ചെയ്യുന്ന ഒരാൾക്ക് തന്റെ കൂടെ സത്യമില്ലെന്ന് വ്യക്തമാകും. എന്നിട്ടും എന്തുകൊണ്ടാണ് വ്യക്തമായ സത്യത്തെയും തെളിവുകളെയും അവൻ അംഗീകരിക്കാത്തത്? അവൻ അവന്റെ ഇച്ഛകളെയും ആഗ്രഹങ്ങളെയും പിന്തുടരുന്നു എന്നു മാത്രം.

അതാണ് അല്ലാഹു പറഞ്ഞത്: (പക്ഷേ, അക്രമം പ്രവർത്തി

ക്കുന്നവർ, യാതൊരറിവുമില്ലാതെ തങ്ങളുടെ തന്നിഷ്ടങ്ങളെ അവർ പിന്തുടരുന്നു) യുക്തിസംബന്ധമായ ചിന്താശേഷിയില്ലാത്തവർ അവരുടെ ഇഷ്ടങ്ങൾക്കും ആഗ്രഹങ്ങൾക്കും പിറകെപ്പോയി. വ്യക്തവും യുക്തിസഹവുമായ ചിന്താഗതിക്ക് വിരുദ്ധമായ ആശയം സ്വീകരിച്ചു. ആ ആശയത്തിലേക്ക് യാതൊരറിവും കൂടാതെ അവരെത്തി. മനുഷ്യപ്രകൃതിക്കുതന്നെ വിരുദ്ധമായ കാര്യം.

(അപ്പോൾ അല്ലാഹു വഴിതെറ്റിച്ചവരെ ആരാണ് സന്മാർഗത്തിലാക്കുക?) അവർ സന്മാർഗം സ്വീകരിക്കാത്തതിൽ നിങ്ങൾ അത്ഭുതപ്പെടേണ്ടതില്ല. അവരുടെ അക്രമം കാരണം അല്ലാഹു അവരെ വഴിതെറ്റിച്ചു. അല്ലാഹു വഴിതെറ്റിച്ചവരെ സന്മാർഗത്തിലാക്കാൻ ആർക്കും സാധ്യമല്ല. കാരണം അല്ലാഹുവിന്റെ അധികാരത്തിൽ തർക്കിക്കാനോ അവനോട് എതിരിടാനോ ഒരാൾക്കുമാവില്ല. (അവർക്ക് സഹായികളായി ആരുമില്ല) ശിക്ഷ അവരുടെമേൽ യാഥാർഥ്യമാകുമ്പോൾ അവരെ സഹായിക്കാൻ. എല്ലാ ബന്ധങ്ങളും സഹായങ്ങളും അന്ന് മുറിഞ്ഞുപോകും.

30) എല്ലാ സാഹചര്യങ്ങളിലും അല്ലാഹുവോട് ആത്മാർഥത കാണിക്കാനും അവന്റെ ദീൻ നിലനിർത്താനും അവൻ നിർദ്ദേശിക്കുന്നു. (നിന്റെ മുഖത്തെ നീ തിരിച്ചുനിർത്തുക) അതിനെ നീ നിവർത്തുകയും തിരിച്ച് നിറുത്തുകയും ചെയ്യുക. (മതത്തിലേക്ക്) ഈമാനും ഇസ്‌ലാമും ഇഹ്സാനുമാണത്. നിന്റെ ഹൃദയംകൊണ്ടും ഉദ്ദേശ്യംകൊണ്ടും ശരീരം കൊണ്ടും നീ മതത്തിലേക്ക് തിരിയുക. അതായത് ദീനിന്റെ ബാഹ്യമായ നമസ്കാരം, സകാത്ത്, നോമ്പ്, ഹജ്ജ് എന്നിവ നിർവഹിച്ചുകൊണ്ട്; പശ്ചാത്താപം, പ്രതീക്ഷ, ഭയം, സ്നേഹം തുടങ്ങിയ ആന്തരിക പ്രവർത്തനങ്ങൾ കൊണ്ടും. അവനെ കാണുന്ന പോലെ ആരാധിക്കുക; അവനെ നീ കാണുന്നില്ലെങ്കിലും അവൻ നിന്നെ കാണുന്നു എന്ന പോലെ. ഇതാണ് ഇഹ്സാൻ. ഇതിൽ ബാഹ്യമായതും ആന്തരികമായതുമുണ്ട്.

ഇവിടെ മുഖത്തെ പ്രത്യേകമായി തിരിക്കാൻ പറഞ്ഞു. മുഖം തിരിയുന്നത് ഹൃദയം തിരിയുമ്പോഴാണ്. ഈ രണ്ടിനോടൊപ്പം ശരീരത്തിന്റെ അദ്ധ്വാനം കൂടിയുണ്ട്. അതാണ് അല്ലാഹു പറഞ്ഞത്: (നേരെ നിലകൊള്ളുന്നവനായി) അല്ലാഹു അല്ലാത്തവരിൽനിന്നും തിരിഞ്ഞ്, അവനിലേക്ക് മുന്നിട്ടുകൊണ്ട്. ഈ കാര്യങ്ങൾ (അല്ലാഹു മനുഷ്യരെ ഏതൊരു പ്രകൃതിയിൽ സൃഷ്ടിച്ചിരിക്കുന്നുവോ ആ പ്രകൃതിയത്രെ അത്) ബുദ്ധിയിൽ നല്ലതിനെ അവൻ നിശ്ചയിച്ചു; അല്ലാത്തത് ചീത്തയായി മനസ്സിലാക്കാനും.

പ്രത്യക്ഷവും പരോക്ഷവുമായ എല്ലാ മതവിധികളും മനുഷ്യരുടെ ഹൃദയങ്ങളിൽ താൽപര്യം തോന്നുന്നവിധത്തിലാണ് അല്ലാഹു നിശ്ചയിച്ചിരിക്കുന്നത്. സത്യത്തെ ഇഷ്ടപ്പെടാനും അതിനെ തെരഞ്ഞെടുക്കാനും ഹൃദയങ്ങളെ അവൻ സജ്ജമാക്കി. ഇതാണ് ശരിയായ മനുഷ്യപ്രകൃതി. ഇതിൽനിന്ന് ആരെങ്കിലും തെറ്റിയാൽ അവൻ അവന്റെ ശുദ്ധപ്രകൃതിക്ക് എതിരാവുകയും അതിനെ നശിപ്പിക്കുകയും ചെയ്തു. അതാണ് നബി(സ്വ) പറഞ്ഞത്:

كُلُّ مَوْلُودٍ إِلَّا يُولَدُ عَلَى الفِطْرَةِ فَأَبَوَاهُ
يُهَوِّدَانِهِ أَوْ يُنَصِّرَانِهِ أَوْ يُمَجِّسَانِهِ

“എല്ലാ കുട്ടികളും ജനിക്കുന്നത് ശുദ്ധപ്രകൃതിയിലാണ്. -ഇസ്‌ലാം-തുടർന്ന് അവന്റെ മാതാപിതാക്കൾ അവനെ ജൂതനോ ക്രിസ്ത്യാനിയോ അഗ്നിയാരാധകനോ ആക്കുന്നു” ( ബുഖാരി, മുസ്‌ലിം).

(അല്ലാഹുവിന്റെ സൃഷ്ടി വ്യവസ്ഥയ്ക്ക് യാതൊരു മാറ്റവുമില്ല) അല്ലാഹു സൃഷ്ടിച്ചതിൽ ഒരു മാറ്റം ഉണ്ടാക്കാനും അല്ലാഹുവെച്ച പ്രകൃതിയിൽ വ്യത്യാസം വരുത്താനും ഒരാൾക്കും സാധ്യമല്ല. (അത്) നാം നിന്നോട് കൽപിച്ചത് (വക്രതയില്ലാത്ത മതം) അല്ലാഹുവിലേക്കും അവന്റെ സ്വർഗത്തിലേക്കും എത്തിക്കുന്ന പാതയാണ് ശരിയായ മതം! ആരെങ്കിലും തന്റെ മുഖത്തെ ശരിയായി അല്ലാഹുവിലേക്ക് തിരിച്ചാൽ മതപരമായ എല്ലാ വിഷയങ്ങളിലും വഴികളിലും ശരിയായ മാർഗത്തിൽ പ്രവേശിച്ചവനാണ്. (പക്ഷേ, മനുഷ്യരിൽ അധികപേരും മനസ്സിലാക്കുന്നില്ല.) ശരിയായ മതം അവർ പരിചയപ്പെടുന്നില്ല. ഇനി മനസ്സിലാക്കിയാലും അവരതിൽ പ്രവേശിക്കുന്നുമില്ല.

31) (അവങ്കലേക്ക് തിരിഞ്ഞവരായിരിക്കുകയും അവനെ സൂക്ഷിക്കുകയും) മതത്തിലേക്ക് മുഖത്തെ തിരിക്കുക എന്നതിന്റെ വ്യാഖ്യാനമാണ് ഇവിടെ പറയുന്നത്. അവനിലേക്ക് മടങ്ങുക എന്നത് ഹൃദയത്തിന്റെ മടക്കമാണ്. അല്ലാഹുവിന് ഇഷ്ടമുള്ളത് പ്രവർത്തിക്കാൻ പ്രേരിപ്പിക്കുക

എന്നതുമാണ്. ഹൃദയത്തിന്റെ ആവശ്യം അനുസരിച്ചുള്ള ശാരീരിക പ്രവർത്തനങ്ങളും അനിവാര്യമാണ്. അതിൽ ബാഹ്യവും ആന്തരികവുമായ എല്ലാ ആരാധനകളും ഉൾപ്പെടും. പ്രത്യക്ഷവും പരോക്ഷവുമായ എല്ലാ തെറ്റുകളും ഉപേക്ഷിക്കുന്നതിലൂടെ മാത്രമെ അത് പൂർത്തിയാകൂ. അതാണ് അല്ലാഹു പറഞ്ഞത്: (അവനെ സൂക്ഷിക്കുകയും ചെയ്യുക) കൽപിച്ചത് ചെയ്യുകയും വിരോധിച്ചത് ഉപേക്ഷിക്കുകയും ചെയ്യുക എന്നതാണിത്. കൽപിക്കപ്പെട്ടതിൽ നമസ്കാരം പ്രത്യേകം പറയാൻ കാരണം യഥാർഥ മടക്കത്തിലേക്കും സുക്ഷ്മതയിലേക്കും നയിക്കാൻ അതിന് കഴിയും എന്നതാണ്.

അല്ലാഹു സൂറത്തുൽ അൻകബൂത്തിൽ (29:45) പറയുന്നു:

وَأَقِمِ ٱلصَّلَوٰةَ ۖ إِنَّ ٱلصَّلَوٰةَ تَنْهَىٰ عَنِ ٱلْفَحْشَآءِ وَٱلْمُنكَرِ ۗ

"...നമസ്കാരം മുറപോലെ നിർവഹിക്കുകയും ചെയ്യുക. തീർച്ചയായും നമസ്കാരം നീചവൃത്തിയിൽ നിന്നും നിഷിദ്ധകർമ്മത്തിൽ നിന്നും തടയുന്നു.. "

ഇത് സൂക്ഷ്മതക്ക് സഹായിക്കും. തുടർന്ന് പറയുന്നു:

وَلَذِكْرُ ٱللَّهِ أَكْبَرُ ۗ

"അല്ലാഹുവെ ഓർമിക്കുക എന്നത് ഏറ്റവും മഹത്തായ കാര്യം തന്നെയാകുന്നു... "

ഇത് മടങ്ങാനുള്ള പ്രേരണയാണ്. പ്രത്യേകിച്ചും നിഷിദ്ധമായ കാര്യങ്ങളിൽ നിന്ന്.അടിസ്ഥാനപരമായ നിഷിദ്ധത്തിൽ നിന്ന്. അതുണ്ടായിരിക്ക മറ്റു പ്രവർത്തനങ്ങൾ സ്വീകരിക്കപ്പെടില്ല. അതാണ് ശിർക്ക്. അല്ലാഹു പറഞ്ഞു: (നിങ്ങൾ ബഹുദൈവാരാധകരുടെ കൂട്ടത്തിലായിപ്പോകരുത്) അല്ലാഹുവിലേക്ക് മടങ്ങുക എന്നതിന് ഘടകവിരുദ്ധമാണ് ശിർക്ക്. എല്ലാനിലയ്ക്കുമുള്ള ആത്മാർഥതയാണ് ശരിയായ മടക്കം.

32) തുടർന്ന് മുശ്രിക്കുകളെ വിമർശിച്ചും അപലപിച്ചും പറയുന്നു: (അതായത് തങ്ങളുടെ മതത്തെ ഛിന്നഭിന്നമാക്കുകയും) മതം ഒന്നാണ്. അല്ലാഹുവിനെ മാത്രം ആരാധിക്കലാണ് അതിന്റെ കാതൽ. ഈ ബഹുദൈവ വിശ്വാസികൾ ഭിന്നിച്ചു. അവരിൽ ബിംബങ്ങളെയും പ്രതിമകളെയും ആരാധിക്കുന്നവരുണ്ട്. സൂര്യനെയും ചന്ദ്രനെയും ആരാധിക്കുന്നവരും ഉണ്ട്. മഹാന്മാരെയും ഔലിയാക്കളെയും ആരാധിക്കുന്നവരും ജൂതരുമുണ്ട്. ക്രിസ്ത്യാനികളുമുണ്ട്. അതാണ് അല്ലാഹു പറഞ്ഞത്: (പല കക്ഷികളായി തിരിയുകയും ചെയ്തവർ.) എല്ലാ ശിർക്കിന്റെ കക്ഷികളും ഒന്നിച്ചു. തങ്ങളുടെ അടുക്കലുള്ള അസത്യത്തെ സഹായിക്കാൻ; മറ്റുള്ളവരെ എതിർക്കാനും പോരാടാനും. (ഓരോ കക്ഷിയും തങ്ങളുടെ അടുക്കലുള്ളതിൽ) പ്രവാചകന്മാരുടെ അധ്യാപനകൾക്ക് വിരുദ്ധമായിട്ടുള്ള. (സന്തോഷിക്കുന്നവരാണ്) തങ്ങളുടെത് സത്യമെന്നും മറ്റുള്ളവരുടെത് അസത്യം എന്നും കരുതി.

ഭിന്നിക്കുകയും ഗ്രൂപ്പുകളായി തിരിയുകയും ചെയ്യുന്ന മുസ്ലിംകൾക്കുള്ള ഒരു താക്കീത് കൂടിയാണിത്. ഓരോ കക്ഷിയും തങ്ങളുടെ പക്കലുള്ള സത്യങ്ങളിലും അസത്യങ്ങളിലും പക്ഷം പിടിക്കുന്നു. അതിനാൽ അവർ ഭിന്നതയിൽ മുശ്രിക്കുകളെപ്പോലെയാകുന്നു. എന്നാൽ മതം ഒന്നാണ്. പ്രവാചകൻ ഒന്നാണ്. ആരാധ്യനും ഒരേയൊരു ആരാധ്യൻ. അധിക മതകാര്യങ്ങളിലും മുസ്ലിം പണ്ഡിതന്മാർക്കും ഇമാമുകൾക്കുമിടയിൽ ഏകോപനമുണ്ട്. വിശ്വാസപരമായ സാഹോദര്യത്തെ അല്ലാഹു ശക്തമായി ഊട്ടിയുറപ്പിക്കുന്നുണ്ട്. ഇതൊക്കെ ഉണ്ടായിട്ടും അത് തള്ളപ്പെടുകയും മുസ്ലിംകൾക്കിടയിൽ ഭിന്നതയും കക്ഷിത്വവും ഉണ്ടാവുകയും ചെയ്യുന്നു. നിസ്സാരമായ പ്രശ്നങ്ങളിലും ഭിന്നതയുള്ള ശാഖാപരമായ കാര്യങ്ങളിലും അവർ ചിലരെ വഴിപിഴച്ചവരായി കാണുന്നു. അങ്ങനെ അവർ പരസ്പരം വേർതിരിഞ്ഞ് നിൽക്കുന്നു. മുസ്ലിംകൾക്കെതിരെ ഗൂഢാലോചന നടത്തുന്ന പിശാചിന്റെ ഏറ്റവും വലിയ ലക്ഷ്യങ്ങളിലൊന്ന് നേടിയെടുക്കാൻ അവൻ ശ്രമിച്ചതിന്റെ ഫലമല്ലാതെ മറ്റെന്താണിത്? മുസ്ലിംകളെ ഒന്നിപ്പിക്കാനും ഈ പിഴച്ച തത്ത്വങ്ങളെ മറികടക്കാനുമുള്ള ശ്രമം അല്ലാഹുവിന്റെ മാർഗത്തിലുള്ള ഏറ്റവും വലിയ പ്രവർത്തനമല്ലാതെ മറ്റെന്താണ്?

അല്ലാഹുവിലേക്ക് തിരിയാൻ അല്ലാഹു നിർദേശിച്ചു. മടങ്ങുക എന്ന് നിർദേശിക്കപ്പെട്ട കാര്യം സ്വമേധയാ തിരഞ്ഞെടുക്കേണ്ട കാര്യമാണ്. അതിൽ പ്രയാസത്തിന്റെയും എളുപ്പത്തിന്റെയും ആയാസത്തിന്റെയും അവസ്ഥയുണ്ടാകും. നിർബന്ധിതരാകുമ്പോൾ അല്ലാഹുവിലേക്ക് മടങ്ങുന്നതിനെപ്പറ്റി നേരത്തെ പരാമർശിച്ചു. അവർ പ്രയാസത്തിൽ മാത്രമെ മടങ്ങൂ. ബുദ്ധിമുട്ട് നീങ്ങിയാലോ അവർ പഴയതുപോലെയാകും. ഇതുകൊണ്ട് കാര്യമില്ല. ■

ഹന്ന മുഹമ്മദ്

"നിങ്ങൾ ഇഷ്ടപ്പെടുന്നതിൽനിന്ന് നിങ്ങൾ ചെലവഴിക്കുന്നതുവരെ നിങ്ങൾക്ക് പുണ്യം നേടാനാവില്ല. നിങ്ങൾ ഏതൊരു വസ്തു ചെലവഴിക്കുന്നതായാലും തീർച്ചയായും അല്ലാഹു അതിനെപ്പറ്റി അറിയുന്നവനാകുന്നു" (ക്വുർആൻ 3:92).

# പങ്കുവയ്ക്കലിലെ ശരിതെറ്റുകൾ

ദാനധർമങ്ങൾ ചെയ്യുന്ന വിഷയത്തിൽ മുസ്‌ലിം സമുദായം എന്നും മുന്നിലാണ്. മറ്റൊരു മത വിഭാഗവും ഇക്കാര്യത്തിൽ മുസ്‌ലിംകളെ പോലെ പ്രാധാന്യം കൽപിക്കുന്നതായി നാം കാണുന്നില്ല. ചെറിയ നന്മകളെ പോലും നിസ്സാരമായി കാണരുത് എന്നു പഠിപ്പിച്ച നബി(സ്വ) വിശേഷപ്പെട്ട വല്ല ആഹാരവും വീട്ടിൽ ഉണ്ടാക്കിയാൽ അയൽവാസിക്ക് അതിൽനിന്ന് നൽകാൻ പ്രേരിപ്പിച്ചതായി കാണാം. ഈ പങ്കുവയ്ക്കൽ പരസ്പര ബന്ധത്തെ ശക്തിപ്പെടുത്തുന്ന ഒന്നാണ്. ഉൽകൃഷ്ടമായ മാനുഷിക ഗുണമാണ്.

എന്നാൽ ഇങ്ങനെ നൽകുന്നവരിൽ പലരും ശ്രദ്ധിക്കാതെ പോകുന്ന ചില കാര്യങ്ങളുണ്ട്. ഭക്ഷണം അയൽവാസികൾക്കോ ബന്ധുക്കൾക്കോ നൽകുന്നത് അത് ദിവസങ്ങളോളം റഫ്രിജറേറ്ററിൽ വെച്ച് തങ്ങൾക്ക് ആവശ്യമില്ല എന്ന് തോന്നുമ്പോഴാകരുത്. ഉണ്ടാക്കിയ സമയത്തുതന്നെ ചൂടോടെ കൊടുക്കാനുള്ള മനസ്സു കാണിക്കണം. പ്രത്യേകിച്ചൊരു വിഭവം വീട്ടിൽ ഉണ്ടാക്കിയാൽ വീട്ടിലെ എല്ലാവരും ഇഷ്ടംപോലെ കഴിച്ചു കഴിഞ്ഞശേഷം ബാക്കിയുണ്ടെങ്കിൽ മാത്രം അയൽവാസികൾക്ക് കൊടുക്കുന്നതല്ല നമ്മൾ ശീലമാക്കേണ്ടത്. ബാക്കിവന്നത് ഒഴിവാക്കാൻ ഞങ്ങൾക്ക് തന്നു എന്ന തോന്നൽ അവർക്കുണ്ടാകരുത്. വരുമെന്നു പ്രതീക്ഷിച്ച വിരുന്നുകാർ വരാത്തതുകൊണ്ട്, അവർക്കു വേണ്ടി അധികമായുണ്ടാക്കിയ വിഭവങ്ങൾ ബാക്കിവരുന്ന സന്ദർഭമുണ്ടായേക്കാം. അത് കാര്യം പറഞ്ഞുകൊണ്ട് കൊടുക്കുന്നതാണ് നല്ലത്. നാം കഴിച്ചു കഴിഞ്ഞ ശേഷം കൊടുക്കുന്ന ശീലം ഒഴിവാക്കുക.

സ്വന്തം വീട്ടിലെ ആവശ്യമില്ലാത്ത സാധനങ്ങൾ മുഴുവൻ ഔദാര്യം കാണിക്കുന്നു എന്ന മട്ടിൽ പാവങ്ങൾക്ക് കൊടുത്ത് 'ശല്യം' ഒഴിവാക്കുന്ന ചിലരുണ്ട്. കേടുവരാനായതും ഉറുമ്പരിച്ചതും തിന്ന ബാക്കിയുമൊക്കെ മറ്റുള്ളവർക്ക് കൊടുക്കുന്നത് അവരെ നിന്ദിക്കലാണ്.

പഴകി നരച്ചതും കീറലുണ്ടായതും കറവീണതുമായ വസ്ത്രങ്ങൾ മറ്റുള്ളവർക്ക് കൊടുക്കുന്നത് (വ്യക്തികൾക്ക് നേരിട്ടോ ചാരിറ്റി സംഘടനകൾക്കോ ആയാലും ശരി) മര്യാദകേടാണ്. അത്തരം വസ്ത്രങ്ങൾ ഹരിത കർമസേനക്ക് അധിക ഫീസ് നൽകിയാൽ അവർ കൊണ്ടുപോകും. ധരിക്കാൻ കൊള്ളില്ല എന്ന് നമ്മൾ കരുതുന്നത് മറ്റുള്ളവർക്കും അങ്ങനെയാകുമല്ലോ.

അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം: "പ്രവാചകരേ, ഏത് സ്വദക്വയാണ് ഏറ്റവും നല്ലത്?" നബി(സ്വ) മൊഴിഞ്ഞു: "ആവശ്യക്കാരനായിരിക്കുമ്പോഴുള്ളത്. നീ നിന്റെ ബന്ധുക്കളിൽനിന്ന് തുടങ്ങുക" (അബൂദാവൂദ്).

സാമ്പത്തികമായ അഭിവൃദ്ധിയും ദാരിദ്ര്യവുമൊക്കെ അല്ലാഹുവിന്റെ പരീക്ഷണമാണെന്നും നമ്മുടെ പ്രവർത്തനങ്ങൾ അവൻ നിരീക്ഷിക്കുന്നുണ്ടെന്നുമുള്ളത് ഓർക്കുക. ഉയർന്നവനെ താഴ്ത്താനും താഴ്ന്നവനെ ഉയർത്താനും അവന് സാധിക്കുമെന്ന ചിന്ത എപ്പോഴും നമ്മിലുണ്ടാകണം.



Printed Published & owned by K Sajjad and printed at Sprint Offset Printers Kozhikide-19 & published at Kozhikode-02. Editor: Usman Palakkazhi

WISDOM BOOKS

ഇസ്‌ലാമിക വിശ്വാസ കാര്യങ്ങളുടെ മൗലികതയും
വ്യതിരിക്തതകളും ലഘുവായി വിവരിക്കുന്നു




# വിശ്വാസത്തിന്റെ അടിത്തറകൾ

ഉമർകോയ മദനി

2 ഭാഗങ്ങൾ

510 രൂപയുടെ പുസ്തകം ഇപ്പോൾ 357 രൂപക്ക്




FREE HOME DELIVERY

+91 7356 766 478

https://wisdombooksonline.com/product/88

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2025-27

Nerpatham Weekly
Published on 05 July 2025

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2025-27
Price: ₹10/-




നിർമാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.

ഈ നന്മയിൽ താങ്കൾക്കും പങ്കാളിയാകാം.

A/C Name : WISDOM ISLAMIC ORGANIZATION A/C W I C
A/C Number : 924020029882271
IFSC Code : UTIB0001908
BANK : AXIS BANK, Branch : KALLAI ROAD

For more Information:
Phone: 0495 4019437
Mob: +91 9567070031